## സബ്മിഷൻ

### (1) കെ.എസ്.ഇ.ബി.യുടെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തൽ

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, ഇലക്ട്രിസിറ്റി ബോർഡ് കമ്പനിയാക്കി മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണല്ലോ. കമ്പനി രൂപീകരണം രണ്ടാഴ്ചയ്ക്കകം പൂർത്തിയാക്കണമെന്നും വിതരണം സ്വകാര്യവത്ക്കരിക്കണമെന്നും കേന്ദ്ര സർക്കാർ നിർബന്ധം ചെലുത്തുന്നതായും സ്വകാര്യവത്ക്കരണത്തിന് സമ്മതമാണെന്ന് കെ.എസ്.ഇ.ബി. അധികൃതർ കത്തെഴുതിയെന്നും വാർത്ത വരികയുണ്ടായി. കഴിഞ്ഞ സമ്മേളനത്തിൽ ഈ പ്രശ്നം ഉന്നയിച്ചപ്പോൾ വൈദ്യുതി ബോർഡ് സ്വകാര്യവത്ക്കരിക്കുന്ന പ്രശ്നമില്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് അസന്നിഗ്ദ്ധമായി പറഞ്ഞതും ഞാൻ അതിനെ സ്വാഗതം ചെയ്തതുമാണ്. എന്നാൽ ബോർഡ് കമ്പനിയാക്കി മാറ്റുമ്പോൾ പൂർണ്ണമായും സംസ്ഥാന സർക്കാർ ഉടമസ്ഥതയിലായിരിക്കണമെന്നും അതിന്റെ ഓഹരികൾ സ്വാകാര്യ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ വിൽക്കാവുന്നതല്ലെന്നും നിയമം മുഖേനതന്നെ ഉറപ്പാക്കുന്നില്ലെങ്കിൽ ഭാവിയിൽ സംസ്ഥാന താല്പര്യങ്ങൾക്ക് വിരുദ്ധമായ മാറ്റങ്ങൾ ഉണ്ടായേക്കാം. ഇടതുപക്ഷജനാധിപത്യമുന്നണിയുടെ കാലത്ത് കമ്പനി രൂപവത്ക്കരണത്തിന്റെ മുന്നോടിയായി ബോർഡിന്റെ ആസ്തി ബാധ്യതകൾ പൂർണ്ണമായും സർക്കാരിൽ നിഷിപ്തമാക്കുകയുണ്ടായി. ബോർഡിന്റെ ആസ്തികൾ സംരക്ഷിക്കുന്നതിന് സർക്കാർ നിയമനിർമ്മാണം നടത്തണമെന്ന് 2008-ൽ മന്ത്രിസഭായോഗം തീരുമാനിക്കുകയുണ്ടായി. പുതുതായി രൂപീകരിക്കുന്ന കമ്പനി സർക്കാരിന്റെ ഉടമസ്ഥതയിലാ

യിരിക്കണമെന്നും ഷെയറുകൾ സ്വകാര്യ വ്യക്തികൾക്ക് കൈമാറ്റം ചെയ്യരുതെന്നും അന്ന് തീരുമാനിച്ചിരുന്നു. എന്നാൽ ഇപ്പോൾ കമ്പനി രൂപവത്ക്കരണത്തിനും ആസ്തി ബാധ്യതകൾ തിരികെ ഏൽപ്പിക്കുന്നതിനും തയ്യാറാക്കിയിട്ടുള്ള സ്കീമിൽ ഓഹരികൾ സ്വകാര്യ സ്ഥാപനങ്ങൾക്ക് വിൽക്കുന്നതിനുള്ള വ്യവസ്ഥയുണ്ട്. അത് നീക്കണം. ബോർഡിന്റെ ആസ്തി ബാധ്യതകൾ കമ്പനിയിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതിനുമുമ്പ് സ്വത്തുക്കളുടെ മുല്യനിർണ്ണയം കൃത്യമായി നടത്തേണ്ടതുണ്ട്. എന്നാൽ ഇപ്പോൾ ആസ്തികൾ സംബന്ധിച്ച് യാതൊരു കണക്കും ബോർഡിന്റെ കയ്യിലില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. 13826 ഹെക്ടർ വനഭൂമി പാട്ട വ്യവസ്ഥപ്രകാരം സർക്കാരിൽനിന്ന് ബോർഡിന് ലഭിച്ചിട്ടുണ്ടെങ്കിലും അതിന്റെ വ്യക്തമായ രേഖകളോ കണക്കോ ബോർഡിന്റെ കയ്യിലില്ലെന്നാണ് അറിയുന്നത്. പലയിടത്തും വ്യാപകമായി ഭൂമി കയ്യേറ്റം നടന്നിട്ടുണ്ട്. അതുപോലെ പ്രസരണ മേഖലയിലും വിതരണ മേഖലയിലും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ആയിരക്കണക്കിനേക്കർ ഭൂമിയും മറ്റ് വസ്തുക്കളും ബോർഡിനുണ്ടെങ്കിലും അവയിൽ ഭൂരിഭാഗത്തിന്റേയും പട്ടയമോ രേഖകളോ ബോർഡിന്റെ കയ്യിലില്ലെന്നാണ് വിവരാവകാശ പ്രകാരം പുറത്തുവന്ന രേഖകളിൽ നിന്ന് വ്യക്തമാകുന്നത്. ബോർഡിന്റെ പല സ്ഥലങ്ങളും സ്വകാര്യ വ്യക്തികളുടെ തണ്ടപ്പേരിലാണുള്ളതെന്ന വിവരവും പുറത്തുവന്നിട്ടുണ്ട്. ആസ്തി ബാധ്യതകൾ കണക്കാക്കുന്നതിന് ഇത് വലിയ പ്രതിസന്ധി സൃഷ്ടിക്കും. ഈ സാഹചര്യത്തിൽ ബോർഡിന്റെ കയ്യിലുള്ള ഭൂമിയും കെട്ടിടങ്ങളും പൊതുസ്വത്തായി സംരക്ഷിക്കുന്നതിനും സർക്കാർ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. കയ്യേറപ്പെട്ട ഭൂമിയും വസ്തുവകകളും തിരിച്ചുപിടിക്കണം. ഇതിനെ

ല്ലാമായി വിവിധ വകുപ്പുകൾ ഏകോപിപ്പിച്ച് സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതുണ്ട്. ഈ നടപടികൾ പൂർത്തിയാക്കിയ ശേഷമേ ബോർഡിന്റെ കൈവശമുള്ള ഭൂസ്വത്തുക്കൾ പുതുതായി രൂപീകരിക്കുന്ന കമ്പനിക്ക് കൈമാറാൻ പാടുള്ളൂ. ഇക്കാര്യത്തിൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞകാര്യം, ഇലക്ട്രിസിറ്റി ബോർഡ് 2008-ൽ കമ്പനീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് കമ്പനിയാക്കി. അതിന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ ഒരു മാറ്റവും ഈ സർക്കാർ വരുത്തിയിട്ടില്ല. ഇനി ഒരു മാറ്റവും വരുത്താനും ഉദ്ദേശിക്കുന്നില്ല. ഒരു ഷെയർപോലും പ്രൈവറ്റ് വ്യക്തിക്ക് കൊടുക്കാനുള്ള ഒരു പ്രൊവിഷനും അതിനകത്തില്ല, അങ്ങനെ ഇതുവരെ ഞങ്ങൾ ചെയ്തിട്ടുമില്ല; ഇനി ചെയ്യാൻ പോകുന്നുമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ചൂണ്ടിക്കാണിച്ച വികാരത്തോട് ഞാനും ഈ ഗവൺമെന്റും പൂർണ്ണമായും യോജിക്കുന്നു. ഫിനാൻഷ്യൽ റീസ്ട്രക്ച്ചറിംഗിനെ സംബന്ധിച്ച് അവർ ഒരു ചോദ്യം അയച്ചിരുന്നു. അത് അംഗീകരിക്കണമെന്ന് പറഞ്ഞിരുന്നു. ബോർഡ് അത് അംഗീകരിക്കാമെന്ന് പറഞ്ഞ് അയച്ചു. അതിന് അവരുടെ കയ്യിലുണ്ടായിരുന്ന ഒരു ന്യായം, ഇപ്പോൾ നമുക്ക് ആർ.ജി.ജി.വി.വൈ. സ്കീം തരുന്നുണ്ട്; അന്നും ഇത് പറഞ്ഞിരുന്നു. അന്നും ഇതിന് എഗ്രിമെന്റ് വച്ചിരുന്നു. ഒന്നും ഞങ്ങൾ നടപ്പാക്കിയിട്ടില്ല. അത് തുടരുകയാണ്. അതുപോലെ ധരിച്ചാണ് ബോർഡ് അയച്ചത്. പക്ഷെ ഞാൻ പറഞ്ഞു ഞങ്ങൾ ചെയ്യില്ലായെന്ന്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും പറഞ്ഞു. രണ്ടു

ദിവസം കഴിഞ്ഞപ്പോൾ ക്യാബിനറ്റ് കൂടി. ഫ്രാഞ്ചൈസി മോഡലോ സ്വകാര്യവത്ക്കരണമോ നടത്തില്ല, അങ്ങനെയൊരു റീസ്ട്രക്ച്ചർ വേണ്ടായെന്ന് ഒരു സംശയത്തിനുമിടയില്ലാതെ ആ ക്യാബിനറ്റിൽ തീരുമാനിച്ചു. ആ വിവരം ഞങ്ങൾ കേന്ദ്രഗവൺമെന്റിനെ അറിയിക്കുകയും ചെയ്തു. സ്വകാര്യമേഖലയ്ക്ക് ഷെയർ കൊടുക്കാനുള്ള ഒരു തീരുമാനവും ഈ ഗവൺമെന്റ് വന്നതിനുശേഷം എടുത്തിട്ടില്ല. ഈ കമ്പനി രജിസ്റ്റർ ചെയ്തത് 2008-ലാണ്. അതിനെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. അന്നതല്ലാതെ വേറെ മാർഗ്ഗമില്ലായിരുന്നു. 2004-ലും 2005-ലും ഞാൻ വളരെ കഷ്ടപ്പെട്ട് എക്സ്റ്റൻഷൻ വാങ്ങിച്ചു. അതുപോലെതന്നെ താങ്കളുടെ ഗവൺമെന്റുണ്ടായിരുന്നപ്പോഴും ശ്രീ. എ.കെ. ബാലനും ഡൽഹിയിൽപ്പോയി എക്സ്റ്റൻഷൻ വാങ്ങിച്ചു. പിന്നീട് എക്സ്റ്റൻഷൻ കിട്ടിയില്ല. എക്സ്റ്റൻഷൻ കിട്ടാതെവന്നപ്പോൾ, 1948 -ലെ ഇലക്ട്രിസിറ്റി സപ്ലൈസ് ആക്ട് അനുസരിച്ചാണ് നമ്മുടെ ബോർഡ് നിലനിന്നിരുന്നത്. 2003-ൽ സെൻട്രൽ ആക്ട് വന്നപ്പോൾ ആ ആക്ട് റിപ്പീൽ ചെയ്തു. അപ്പോൾ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന താങ്കൾക്കോ അന്നത്തെ ഇലക്ട്രിസിറ്റി വകുപ്പുമന്ത്രിയായ ശ്രീ. എ.കെ. ബാലനോ മറ്റ് മാർഗ്ഗങ്ങളില്ലായിരുന്നു. അതുകൊണ്ടാണ് അന്ന് എൽ.ഡി.എഫ്. ഗവൺമെന്റ് കമ്പനി രജിസ്റ്റർ ചെയ്തത്. അത് അന്നത്തെ ക്യാബിനറ്റിന്റെ തീരുമാനമായിരുന്നു, മറ്റ് മാർഗ്ഗങ്ങളില്ലായിരുന്നു. അതിനുശേഷം 2010-ൽ ഇതുമുഴുവൻ ഗവൺമെന്റിൽ വെസ്റ്റ് ചെയ്തു. പിന്നീട് റീവെസ്റ്റ് ചെയ്യാനുള്ള താമസം വന്നു. അപ്പോൾ ഇവിടെ തെരഞ്ഞെടുപ്പ് വരികയും ഞങ്ങൾ അധികാരത്തിൽ വരികയും ചെയ്തു. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു ഷെയർപോലും റീ-ഇൻവെസ്റ്റ് ചെയ്യുന്ന പ്രശ്നമില്ല, അത് ക്യാബിനറ്റ് അംഗീകരിച്ചതാണ്.

അങ്ങനെ ചെയ്യാനുദ്ദേശിക്കുന്നില്ല. അതുചെയ്തുകൊണ്ട് ഞാൻ ഈ കസേരയിലുമുണ്ടാകില്ല. അത്രയും ഞാൻ വ്യക്തമായി പറയാം. അതുകൊണ്ട് ആ തെറ്റിദ്ധാരണ വേണ്ട. പിന്നെ എനിക്ക് പറയാനുള്ളത് അതിന് നിയമനിർമ്മാണം നടത്തണമെന്നാണ്. അങ്ങയുടെ കാലത്ത്, മുൻ അഡ്വക്കേറ്റ് ജനറൽ ശ്രീ. എം. കെ. ദാമോദരൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റി ഇതുസംബന്ധിച്ച് സ്റ്റഡി ചെയ്തു. അവർ ബംഗാളിലും ത്രിപുരയിലും മറ്റുചില സംസ്ഥാനങ്ങളിലും പോയി പഠിച്ചശേഷം ഒരു റിപ്പോർട്ട് സമർപ്പിച്ചു. വൈദ്യുതി ബോർഡ് കമ്പനിയാക്കുന്നതിന് മുമ്പ് നിയമനിർമ്മാണം നടത്തണമെന്നാണ് ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. ആ റിപ്പോർട്ടെടുത്ത് വായിച്ചുനോക്കണം. താമസം വരുമെന്നതുകൊണ്ട് നിയമനിർമ്മാണം നടത്താതെയാണ് നിങ്ങൾ കമ്പനി രജിസ്റ്റർ ചെയ്തത്. കൂടാതെ, ഒന്നോ രണ്ടോ സംസ്ഥാനങ്ങളിൽമാത്രമാണ് നിയമനിർമ്മാണം നടത്തിയിട്ടുള്ളത്. ബാക്കി സംസ്ഥാനങ്ങളിലൊന്നും, ഇൻക്ലൂഡിംഗ് ബംഗാൾ, നിയമമുണ്ടാക്കിയിട്ടില്ല. ചില സംസ്ഥാനങ്ങളിൽ നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. അതിന്റെ ആവശ്യമില്ല. ഇനി ഇതിനെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ, അങ്ങ് പറഞ്ഞ ഭൂമിയുടെ കാര്യം ശരിയാണ്. ഞാനും ഇതിനെക്കുറിച്ച് അനേ ıഷിച്ചിട്ടുണ്ട്. വളരെക്കാലമായി കയ്യേറ്റക്കാരുടെ കയ്യിൽ കുറേ ഭൂമിയുണ്ട്. ശരിക്കുള്ള രേഖയില്ല. ഇതുപറയാൻ എനിക്കൊരു മടിയുമില്ല. അങ്ങ് പറഞ്ഞത് ശരിയാണ്. അത് എത്രയോ വർഷങ്ങളായി തുടരുന്നതാണ്. അതിൽ അഞ്ച് സെന്റുകാരും പത്ത് സെന്റുകാരുമുണ്ട്. കുറച്ചുപേരുടെ കയ്യിൽ അതിൽക്കൂടുതലുമുണ്ട്. അത് ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇപ്പോൾ മാട്ടുപ്പെട്ടിയിൽ ഒഴിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ ഈ സംസാരിക്കുന്ന സന്ദർഭത്തിൽ മാട്ടുപ്പെട്ടിയിലെ ഡാം സൈറ്റ് കയ്യേറിയ

ആളുകളെ സർക്കാർ ഒഴിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇതാണ് ഇന്നത്തെ സ്ഥിതി. അത് ഒഴിപ്പിക്കും, ഒരു സംശയവും വേണ്ട. ഇതിൽ ഞാൻ പ്രതിപക്ഷത്തിനെ കുറ്റപ്പെടുത്തുന്നില്ല. ഈ വിഷയത്തിൽ പ്രതിപക്ഷത്തിന്റെ സ്റ്റാൻഡും ഈ ഗവൺമെന്റിന്റെ സ്റ്റാൻഡും ഒന്നുതന്നെയാണ് എന്നുമാത്രമല്ല, ഒരുനിലയിലും ഒരു പൈസപോലും ഡിസ്ഇൻവെസ്റ്റ്മെന്റ് ചെയ്യില്ല. മറ്റൊരു കാര്യം, ഭൂമിയുടെ കണക്ക് അങ്ങ് പറഞ്ഞത് ശരിയാണ്. ബാക്കി കാര്യങ്ങളെ സംബന്ധിച്ചിടത്തോളമുള്ള കണക്കുകൾ ശരിയാണ് എന്നുമാത്രമല്ല, എൽ.ഡി.എഫ്.-ന്റെ കാലത്ത് ഒരു ഫയൽ വന്നു. ആ ഫയലിൽ 2500 കോടി രൂപ പെൻഷൻ ഫണ്ടിന് മാറ്റിവച്ചിട്ടുണ്ടായിരുന്നു. അത് ഡോ. ടി. എം. തോമസ് ഐസക് റെക്കമെന്റ് ചെയ്ത് കാബിനറ്റിലേക്ക് അയച്ചു. ആ ഫയൽ കാബിനറ്റ് പരിഗണിച്ചില്ല. അതിനുമുമ്പുതന്നെ ഇലക്ഷൻ നോട്ടിഫിക്കേഷൻ വന്നു. ഞങ്ങൾ ആ ഫയൽ പരിഗണിക്കുകയും 2500 കോടി രൂപയ്ക്കുപുറമേ 524 കോടി രൂപകൂടി കൂട്ടി 3024 കോടി രൂപയാക്കി. അതിനുശേഷം ഇപ്പോൾ വീണ്ടും ചീഫ് സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റിയെ വച്ചു. ട്രാൻസ്പോർട്ട് സെക്രട്ടറിയും ഫിനാൻസ് സെക്രട്ടറിയുമെല്ലാംകൂടി പെൻഷൻ ഫണ്ട് 8000 കോടിയിലധികമാക്കി റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് കണക്കിലൊന്നും ഒരു മിസ്റ്റേക്കുമില്ല. നിയമപ്രകാരം ചെയ്യേണ്ട കാര്യങ്ങൾ ചെയ്യും. എന്നുമാത്രമല്ല ്യേശുമൃശേലേ മഴൃലലാലിേ വേണമെന്ന കാര്യത്തിൽ ഞങ്ങൾക്കും നിർബന്ധമാണ്. ജീവനക്കാർ നാളെ വഴിയാധാരമാകാൻ പാടില്ല. ഇതിൽ ഒരു പ്രൊവിഷനുണ്ട്, കമ്പനീസ് ആക്ടിൽ അക്കൗണ്ടിംഗ് സിസ്റ്റത്തിലെ 11-ാമത്തെ ക്ലോസ് അനുസരിച്ച് ഇതുപോലെ കമ്പനിയാക്കുമ്പോൾ പഴയ ബാധ്യത പുതിയ കമ്പനി ഏറ്റെടുക്കണമെന്നില്ല. അതുകൊണ്ട് ജീവനക്കാരുടെ താൽപ്പര്യം പൂർണ്ണമായി സംരക്ഷി

ക്കും. അത് പ്രൊട്ടക്ട് ചെയ്തുകൊണ്ട് ഒരു tripartite agreement ഉണ്ടാക്കിക്കൊണ്ട് ഇത് നടപ്പാക്കും.

(2) <u>വെള്ളായണി ശുദ്ധജല പദ്ധതി</u>

<u>ശ്രീമതി ജമീലാ പ്രകാശം</u>: സർ, നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേയ്ക്ക് വെള്ളായണി കായലിൽ നിന്നും ശുദ്ധജലം എത്തിക്കുന്നതിനുള്ള പദ്ധതി പ്രവർത്തന സജ്ജമായിരിക്കുകയാണ്. എന്നാൽ ശുദ്ധജല വിതരണം നടത്തുവാനുള്ള പൈപ്പ്ലൈനിലേയ്ക്കുള്ള കണക്ഷൻ നൽകുന്നതിൽ കാലതാമസം നേരിടുന്നതിനാൽ ആ ശുദ്ധജലം ആർക്കും ഉപയോഗിക്കാനാകാതെ പാഴായിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനം വരൾച്ചയുടെ പിടിയിൽ അമരുന്നതിന് വളരെ മുമ്പുതന്നെ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഉദ്ഘാടനം ചെയ്ത അവസരത്തിൽത്തന്നെ വിഴിഞ്ഞം തീരദേശ മേഖലയിൽ ഏറെക്കുറെ സ്ഥിരമായി അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം കണക്കിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഈ കുടിവെള്ള പദ്ധതിയിൽനിന്നും സമീപപ്രദേശത്തുള്ള ജനങ്ങളുടെ ആവശ്യത്തിനും ജലം കൊടുക്കുമെന്ന് പ്രസ്താവിച്ചിട്ടുണ്ട്. അപ്രകാരമാണ് വിസിൽ കമ്പനിയിൽ നിന്നും 7 കോടിയോളം രൂപ നൽകി വാട്ടർ അതോറിറ്റിയെക്കൊണ്ട് വെള്ളായണിക്കായലിൽ നിന്നും ശുദ്ധീകരിച്ച ജലം വിഴിഞ്ഞത്തെ ഒരു ഓവർഹെഡ് ടാങ്ക് വരെ എത്തിച്ചത്. ഒരു ഉയർന്ന പ്രദേശത്ത് ആ ജലം സംഭരിക്കുവാനുള്ള രണ്ടാമത്തെ ജലസംഭരണിയുടെ അറ്റകുറ്റപ്പണി തീർക്കുവാനും ഈ രണ്ട് സംഭരണികൾക്കുമിടയിലുള്ള ജലവിതരണക്കുഴലുകൾ സ്ഥാപിക്കുവാനുമുള്ള പണം വിസിൽ കമ്പനിയിൽ നിന്നും ലഭിക്കുന്നതിൽ കാലതാമസം നേരിട്ടതിനാലാണ് വെള്ളം വിഴിഞ്ഞംവരെ

വന്നിട്ടും ലക്ഷക്കണക്കിന് ലിറ്റർ കടലിലേയ്ക്ക് ഒഴുക്കിവിടേണ്ടിവന്നിരിക്കുന്നത്. എന്തായാലും ആവശ്യമായ 43 ലക്ഷം രൂപ താമസിച്ചിട്ടാണെങ്കിലും വിസിൽ കമ്പനി വാട്ടർ അതോറിറ്റിക്ക് ഇപ്പോൾ നൽകിയിട്ടുണ്ട്. ടെണ്ടർ അന്തിമ അംഗീകാരത്തിനുവേണ്ടി അതോറിറ്റിയുടെ ഡയറക്ടർ ബോർഡിന് മുമ്പിലാണ്. പക്ഷെ സാധാരണ ഗതിയിലാണെങ്കിൽ ഈ പണി പൂർത്തിയാക്കാൻ മൂന്ന് മാസമെങ്കിലും ഇനി വേണ്ടിവരും. കോൺട്രാക്ടർ പൈപ്പിന് ഓർഡർ കൊടുക്കുന്നതുമുതൽ വേണ്ടി വരുന്ന സമയം, ഇതൊഴിവാക്കാനായി വാട്ടർ അതോറിറ്റിയുടെ പക്കലുള്ള പൈപ്പ് ശേഖരത്തിൽ നിന്നും ഈ പണിക്ക് ആവശ്യമായ പൈപ്പുകളും വാൽവുകളുംമറ്റും നൽകിക്കൊണ്ട് കരാറുകാരനെക്കൊണ്ട് പണി യുദ്ധകാലാടിസ്ഥാനത്തിൽത്തന്നെ മൂന്നാഴ്ചയ്ക്കുള്ളിൽ ഇനിയുള്ള ജോലികൾ ചെയ്തുതീർക്കാനേയുള്ളൂ എന്നറിയുന്നു. അത് എത്രയുംവേഗം പൂർത്തീകരിച്ച് ദാഹിച്ചുവലയുന്ന പതിനായിരക്കണക്കിന് ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കണമെന്നും ഒറ്റത്തുള്ളി വെള്ളംപോലും ഇനി പാഴാക്കിക്കളയാൻ സർക്കാർ അനുവദിക്കരുതെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ജോലികൾ ഇപ്രകാരം അടിയന്തരമായി പൂർത്തീകരിക്കുന്നതിനിടയിൽ ഉയർന്നുവരാവുന്ന തടസ്സങ്ങൾ മുൻകൂട്ടി ദൂരീകരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ബന്ധപ്പെട്ട വകുപ്പുകളിലെ മന്ത്രിമാരെയും വിസിൽ, വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിലെ മേധാവികളെയും വിളിച്ചുകൂട്ടി സമഗ്രവും സമയബന്ധിതവുമായ ഒരു കർമ്മപരിപാടിക്ക് രൂപം നൽകണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, നിർദ്ദിഷ്ട വിഴിഞ്ഞം ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച 3.3 എം.എൽ.ഡി. ശുദ്ധീകരണ ശാലയുടെ പണികൾ പൂർത്തിയായി. എന്നാൽ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി പദ്ധതിയുടെ 1.45 എം.എൽ.ഡി. ശുദ്ധജലം സമീപപ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന മേഖല കൾക്ക് വിതരണം ചെയ്യാമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്. 1.45 എം.എൽ.ഡി. ശുദ്ധജലം വിതരണം നടത്തുന്നതിനാവശ്യമായ പണികളുടെ ദർഘാസിന് അംഗീകാരം നൽകുന്നത് വാട്ടർ അതോറിറ്റി ബോർഡിന്റെ പരിഗണനയി ലാണ്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പുതിയ 20 എച്ച്.പി. പമ്പും ഒരു കിലോമീറ്റർ പൈപ്പ് ലൈനുകളും സ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിച്ച് മൂന്ന് മാസത്തിനകം പണികൾ പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് ശുദ്ധജല മെത്തിക്കാൻ കഴിയും.

## (3) കുടിവെള്ള ക്ഷാമം

ശ്രീ. വി. ശിവൻകുട്ടി: സർ, തിരുവനന്തപുരം നഗരത്തിൽ നാളിതുവരെ അനുഭവപ്പെടാത്ത കുടിവെള്ളക്ഷാമമാണ് ഇപ്പോൾ അനുഭവപ്പെട്ടുകൊണ്ടിരി ക്കുന്നത്. ജനങ്ങൾക്ക് ദാഹജലം നൽകുകയെന്നത് ഒരു ഗവൺമെന്റിന്റെ സുപ്രധാനവും പ്രാഥമികവുമായ ചുമതലയും ബാധ്യതയുമാണെന്നിരിക്കെ സർക്കാരും ജലവിഭവ വകുപ്പും ഇക്കാര്യത്തിൽ പുലർത്തുന്ന അലംഭാവവും ഉദാസീനതയും ജനങ്ങളോടുള്ള വെല്ലുവിളിയും ധാർഷ്ട്യവുമാണ്. ഏത് നിമിഷവും കുടിവെള്ളം മുട്ടുമെന്ന് മാത്രമല്ല സുനാമിപോലെ പൈപ്പ് പൊട്ടിവരുന്ന ജലപ്രവാഹത്തിൽ ജീവനും സ്വത്തും നഷ്ടപ്പെടുന്ന ഭീതിയിലൂ

ടെയാണ് പൈപ്പ് ലൈനുകൾക്ക് സമീപം താമസിക്കുന്ന ജനങ്ങൾ. ജില്ലയിൽ നിരന്തരമുണ്ടാകുന്ന പൈപ്പ് പൊട്ടൽ തടയുന്നതിനോ ജനങ്ങൾക്ക് കുടി വെള്ള ലഭ്യത ഉറപ്പാക്കുന്നതിനോ സർക്കാർ യാതൊരു നടപടിയും സ്വീകരി ക്കുന്നില്ല. നേമം നിയോജക മണ്ഡലത്തിൽ പുഞ്ചക്കരി, പൂങ്കുളം, തിരുവല്ലം, വെള്ളാർ വാർഡുകളിൽ അനുഭവപ്പെടുന്ന അതിരൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരമുണ്ടാക്കുന്നതിന് ജഡ്ജിക്കുന്ന് വാട്ടർ സപ്ലൈ സ്കീം എത്രയുംവേഗം കമ്മീഷൻ ചെയ്യാൻ കല്ലടിച്ചാൻമൂല കുടിവെള്ള വിത രണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിച്ച് പൂർത്തിയാ ക്കുവാനുള്ള നടപടികൾ അടിയന്തരമായി കൈക്കൊള്ളാൻ സർക്കാർ തയ്യാ റാകണം. ഈ മേഖലയിൽ വല്ലപ്പോഴുമൊരിക്കൽ വണ്ടിത്തടം പമ്പ് ഹൗസിൽ നിന്നും വിതരണം ചെയ്യുന്ന കുടിവെള്ളം യാതൊരുവിധ ശുദ്ധീകരണവും കൂടാതെയാണ് വിതരണം ചെയ്യുന്നത്. നാമമാത്രമായെങ്കിലും ഈ മേഖല യിലെ ചില സ്ഥലങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്ന കുമിളി സ്കീം അടച്ചുപൂട്ടുവാനുള്ള ഗൂഢനീക്കം നടക്കുന്നു. കുടിവെള്ള വിതരണം സ്വകാ ര്യ കുത്തകകൾക്ക് കൈമാറുവാനുള്ള യു.ഡി.എഫ്. സർക്കാരിന്റെ നയമാണ് ഇതിന്റെ പിന്നിലെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇക്കാര്യം ചൂണ്ടിക്കാട്ടി നിരവധി നിവേദനങ്ങൾ വകുപ്പുമന്ത്രിക്ക് നൽകിയിട്ടും, ജനങ്ങളെ അണിനി രത്തി തിരുവല്ലം വാട്ടർ അതോറിറ്റി ഓഫീസ് ഉപരോധം ഉൾപ്പെടെയുള്ള പ്രക്ഷോഭ സമരങ്ങൾ നടത്തിയിട്ടും അടിയന്തര പ്രാധാന്യമുള്ള ഈ വിഷയ ത്തിൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി അനങ്ങാപ്പാറ നയമാണ് നിർഭാഗ്യവശാൽ സ്വീകരിച്ചുകാണുന്നത്. ഈ മേഖലയിൽ കുടിവെള്ളം എത്തിക്കുന്നതിന് തിരുവനന്തപുരം നഗരസഭ നൽകിയ സ്ഥലത്ത്, ജഡ്ജിക്കു ന്നിൽ കുടിവെള്ള സംഭരണ ടാങ്കിന്റെ നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും

വിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിന് ചുമതലയുള്ള ജൻറം പദ്ധതിക്ക് ടാർറോഡ് കട്ടിംഗിനായി പൊതുമരാമത്ത് വകുപ്പിന് കൊടുക്കേണ്ട 1.8 കോടി രൂപ ഇതുവരെ സർക്കാർ നൽകിയിട്ടില്ല. ഈ പദ്ധതി പൂർത്തിയാക്കുന്നതിനു വേണ്ട 12.3 കോടി രൂപ അനുവദിക്കുന്നതിനും സർക്കാർ അലംഭാവം കാണിക്കുകയാണ്. ഈ സാഹചര്യത്തിൽ നേമം മണ്ഡലത്തിലെ പുഞ്ചക്കരി, പൂങ്കുളം, തിരുവല്ലം, വെള്ളാർ വാർഡുകളിൽ അനുഭവപ്പെടുന്ന അതിരൂക്ഷമായ കുടിവെള്ളക്ഷാമം യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കുന്നതിന് ജഡ്ജിക്കുന്ന് വാട്ടർ സപ്ലൈ സ്കീം ഉടൻ കമ്മീഷൻ ചെയ്യുന്നതിനും കല്ലടിച്ചാൻമൂല കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, നേമം നിയോജക മണ്ഡലത്തിലെ പല പ്രദേശങ്ങളിലും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവല്ലം-വെള്ളാർ ഭാഗങ്ങളിൽ തിരുവനന്തപുരം ശുദ്ധജലവിതരണ പദ്ധതിയിൽനിന്നും പൂങ്കുളം പ്രദേശത്ത് കല്ലിയൂർ, തിരുവല്ലം മുട്ടക്കാട് പദ്ധതിയിൽ നിന്നും നെഴഞ്ഞിയിൽ പദ്ധതിയിൽ നിന്നുമാണ് ശുദ്ധജല വിതരണം നടത്തുന്നത്. ഇപ്പോൾ 6, 7 ദിവസങ്ങളുടെ ഇടവേളയിലാണ് കെ.എസ് റോഡിലെ 13 പ്രദേശങ്ങളിൽ ജല വിതരണം നടത്തുന്നത്. വിതരണത്തിനാവശ്യമായ ജലം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നെല്ലിയോട് ജഡ്ജിക്കുന്നിൽ സ്ഥാപിച്ചിട്ടുള്ള 25.9 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണികളിൽ നിന്നും നൽകുന്നതിനുള്ള എല്ലാ പണിയും പൂർത്തീകരിച്ചിട്ടുണ്ട്. ജൻറം പദ്ധതിയിൽപ്പെടുത്തി പുഞ്ചക്കരി, പൂങ്കുളം, തിരുവല്ലം, വെള്ളാർ വാർഡുകളിൽ

ശുദ്ധജലം എത്തിക്കുന്നതിന് 30 കിലോമീറ്റർ ദൂരം പൈപ്പുകൾ സ്ഥാപിച്ചു. 1.2 എം.എൽ കപ്പാസിറ്റിയുള്ള കല്ലടിച്ചാൻമൂല ടാങ്കിന്റെ നിർമ്മാണം പൂർത്തീകരിച്ചാൽ മാത്രമേ തിരുവല്ലം സോണിന്റെ കീഴിലുള്ള 20 കിലോമീറ്റർ ദൂരത്തിൽ വെള്ളം എത്തിക്കാൻ സാധിക്കുകയുള്ളൂ. ഈ പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. ടാങ്കിന്റെ നിർമ്മാണത്തിന് 138 ലക്ഷത്തോളം രൂപ ആവശ്യമാണ്. 75 ലക്ഷം രൂപയേ കോർപ്പറേഷൻ നൽകിയിട്ടുള്ളൂ. ശേഷിക്കുന്ന തുക ലഭിച്ചതിന് ശേഷം മാത്രമേ ടാങ്കിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയുകയുള്ളൂ. തിരുവല്ലം മുതൽ വാഴമുട്ടം വരെ പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിന് ദേശീയപാതാ വിഭാഗത്തിന്റെ അനുമതി ലഭിക്കാനുണ്ട്. ആവശ്യമായ തുക അടച്ചു കഴിഞ്ഞിട്ടുണ്ട്. 2013 ഡിസംബർ മാസത്തോടെ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## (4) ഗതാഗതക്കുരുക്ക്

ശ്രീ. ബെന്നി ബെഹനാൻ: സർ, വാഹനക്കുരുക്കിൽ വീർപ്പുമുട്ടുന്ന എറണാകുളത്തിന്റെയും പരിസര പ്രദേശത്തിന്റെയും പ്രയാസം ഒരിക്കൽ കൂടി ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഇത് പല പ്രാവശ്യം പല അംഗങ്ങളും സബ്മിഷനായും ശ്രദ്ധ ക്ഷണിക്കലായും ചർച്ചകളിൽ പങ്കെടുത്തും പറഞ്ഞ വിഷയമാണ്. എന്നാൽ തന്നെയും അവിടുത്തെ ഗതാഗതക്കുരുക്കിന് ഒരു കുറവും ഉണ്ടായിട്ടില്ല. കഴിഞ്ഞ ദിവസം ഒരു ജഡ്ജി അതുവഴി യാത്ര ചെയ്തപ്പോൾ ഒന്നര മണിക്കൂർ ഗതാഗതക്കുരുക്കിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹംതന്നെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഇതിനെക്കുറിച്ച് പരാമർശം നടത്തുകയുണ്ടായി. ഈ സബ്മിഷന് മറുപടി പറയാൻ പോകുന്ന

ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ വാഹനത്തിന് പൈലറ്റും എസ്കോർട്ടുമുണ്ടെങ്കിൽപ്പോലും അദ്ദേഹം മണിക്കൂറുകളോളം പലപ്പോഴും അവിടെ ബ്ലോക്കിൽപ്പെട്ടുകിടക്കേണ്ട ഗതികേടുണ്ടായിട്ടുണ്ട്. ഇടപ്പള്ളി മുതൽ അരൂർ വരെയുള്ള ബൈപ്പാസിൽ ഫ്ളൈ ഓവർ പണിയണമെന്ന നിർദ്ദേശ ത്തിൻമേൽ ഇപ്പോഴും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇവിടുത്തെ മാധ്യമ ങ്ങളും ഗവൺമെന്റും മറ്റു സ്ഥാപനങ്ങളുമൊക്കെ ഇതിനെക്കുറിച്ച് നിരവധി തവണ ചർച്ച ചെയ്തു. കഴിഞ്ഞ ദിവസം ഞങ്ങളുമൊക്കെ പങ്കെടുത്ത ഒരു ചർച്ചയിൽ വച്ച് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി 50 ദിവസത്തി നുള്ളിൽ ഇതിനൊരു തീരുമാനം എടുക്കാൻ കഴിയുമെന്ന നിർദ്ദേശം വച്ചു. ആ തീരുമാനത്തിന്റെ പശ്ചാത്തലത്തിൽ ഇന്ന് എറണാകുളത്തെ പ്രധാനപ്പെട്ട ജങ്ഷനുകളിൽ കൗണ്ട് ഡൗൺ ബോർഡ് വച്ചിരിക്കുകയാണ്. ആളുകൾ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസമാണ് അവിടെ ലുലു ഇന്റർ നാഷണൽ മാൾ തുടങ്ങിയത്. കലൂർ മുതൽ ആലുവ വരെ ബ്ലോക്കാണ്. പോകാൻ കഴിയുന്നില്ല. എറണാകുളത്തെ നാല് ഫ്ളൈഓവറുകൾ പണി തീർക്കാത്തതുമൂലം ഒരു ദിവസം അതിലൂടെ യാത്ര ചെയ്യുന്ന വാഹനങ്ങളി ലൂടെ 30 ലക്ഷം രൂപയുടെ അധികം ഇന്ധനമാണ് ചെലവാകുന്നത്. ഒരു വർഷം മൂന്നുകോടി അറുപത് ലക്ഷം രൂപയുടെ അധിക ഇന്ധനം ചെല വാകും എന്നുമാത്രമല്ല ഈ അധിക ഇന്ധനം ചെലവാകുന്നതുമൂലമുള്ള അന്തരീക്ഷ മലിനീകരണം, മനുഷ്യന്റെ ആരോഗ്യ പ്രശ്നങ്ങൾ ഇവയെക്കു റിച്ച് നാം ചർച്ച ചെയ്യണം. ഒരു തീരുമാനം എടുക്കാതെ മുന്നോട്ട് പോയാൽ എറണാകുളത്തെ ജനജീവിതം ദുസ്സഹമാകും. അവിടെ പുതിയ പുതിയ മാളു കൾ വരുന്നു. ലുലു ഇന്റർനാഷണൽ മാൾ വന്നു. ഇനിയും 3, 4 മാളുകൾ വരാനുണ്ട്. മെട്രോ റെയിൽ വരുന്നതുകൊണ്ട് എറണാകുളത്തെ യാത്രാ

ക്ലേശത്തിന് പരിഹാരമുണ്ടാകുമെങ്കിലും ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. കാരണം. മെട്രോറെയിലിൽ യാത്ര ചെയ്യുന്നവരുടെ കാറുകൾ പാർക്കുചെയ്യുന്നതിനുള്ള സ്ഥലസൗകര്യമില്ലാത്തതുകൊണ്ട് പലപ്പോഴും റോഡ് സൈഡിൽ പാർക്ക് ചെയ്യേണ്ടിവരും. ഇപ്പോൾ രണ്ടു മൂന്ന് പ്രൊപ്പോസലുകൾ വച്ചിട്ടുണ്ട്. ഫ്ളൈ ഓവർ, എലിവേറ്റഡ് ഹൈവേ അല്ലെങ്കിൽ പുതിയ ഒരു ബൈപ്പാസ് കെട്ടുക തുടങ്ങിയ നിർദ്ദേശങ്ങൾ. ഫ്ളൈഓവറിനും എലിവേറ്റഡ് ഹൈവേയ്ക്കും അതിന്റേതായ പ്ലസ് പോയിന്റും മൈനസ് പോയിന്റുമുണ്ട്. എറണാകുളത്ത് ഏറ്റവും കൂടുതൽ വിലയുള്ളത് ഭൂമിക്കാണ്. ഒരിഞ്ചു ഭൂമിക്കുപോലും ഭയങ്കര വിലയാണ്. അതിനാൽ അവിടെ ലാന്റ് അക്വിസിഷനിലൂടെ പുതിയ പാതകളുണ്ടാക്കാമെന്ന് പറഞ്ഞാൽ ബുദ്ധിമുട്ടാണ്. അതിന് കാലതാമസം ഉണ്ടാകും. അതിനാൽ ഇത്തരം സംരംഭങ്ങളിലെ കാലതാമസം ഒഴിവാക്കി എറണാകുളത്തെ ഗാതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണം. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ പോലീസിനെക്കൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങളാകും പറയുക. അതുമാത്രം പോര, പോലീസല്ല പട്ടാളം വിചാരിച്ചാലും അവിടുത്തെ ഗതാഗതക്കുരുക്കിന് പരിഹാരം കാണാൻ കഴിയാത്ത സ്ഥിതിയാണ്. അവിടെ ഫ്ളൈഓവറോ, എലിവേറ്റഡ് ഹൈവേയോ ബൈപ്പാസോ ഉണ്ടാകണം. അല്ലാതെ അങ്ങയുടെ വകുപ്പിലുള്ള പോലീസുകാർ മാത്രം വിചാരിച്ചാൽ തീരുന്ന പ്രശ്നമല്ല. രണ്ട് മൂന്ന് വകുപ്പുകൾ തമ്മിൽ കോ-ഓർഡിനേഷൻ ഉണ്ടാക്കി യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ പ്രയോറിറ്റി കൊടുത്ത് തീരുമാനിക്കേണ്ട കാര്യമാണ്. അതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, കൊച്ചി നഗരത്തിലെ ജനസംഖ്യയും വാഹനങ്ങളുടെ എണ്ണവും അനുദിനം വർദ്ധിക്കുകയാണ്. വളരെയധികം ആളുകൾ ഷോപ്പിംഗിനായി വരുന്ന മാളുകൾ, വസ്ത്രക്കടകൾ എന്നിവയിലും വർദ്ധനവുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞത് അതിന്റെ തനി ചിത്രമാണ്. കൊച്ചി നഗരത്തിൽ വരുന്ന ആരും വാഹനക്കുരുക്കിൽപ്പെടാതെ രക്ഷപ്പെടുന്നില്ല. ഓരോ വർഷവും വാഹനങ്ങളുടെ എണ്ണം 20 ശതമാനത്തിലധികം വർദ്ധിക്കുന്നുണ്ടെന്നാണ് കിട്ടിയിട്ടുള്ള കണക്ക്. കൂടാതെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന മാളുകൾ, ഐ.ടി വ്യവസായ സ്ഥാപനങ്ങൾ, ഹോട്ടലുകൾ, മറ്റ് നിരവധി സ്ഥാപനങ്ങളും കൂടാതെ മറ്റ് ജില്ലകളിൽനിന്നും എത്തുന്ന ജനപ്രവാഹം ഇവയെല്ലാം കൊച്ചിയിൽ ഗതാഗതക്കുരുക്കിന് കാരണമാകുന്നു. റോഡുകൾ വികസിച്ചില്ല എന്നുമാത്രമല്ല ജങ്ഷനുകളിലും ക്രോസ്സിംഗുകളിലും വളരെയധികം ഗതാഗതക്കുരുക്കുകൾ അനുഭവപ്പെടുകയാണ്. വാഹനങ്ങൾക്ക് ക്രോസിംഗ് നടത്തി വലതു വശത്തേയ്ക്ക് പോകുന്നതിനും, ജനങ്ങൾക്ക് റോഡ് മുറിച്ച് കടക്കുന്നതിന് വേണ്ടി വരുന്ന സമയവും വാഹനങ്ങളുടെ ബാഹുല്യവും റോഡിന്റെ വികസനമില്ലായ്മയും കൂട്ടിച്ചേർത്ത് വായിക്കുമ്പോൾ കൊച്ചിയിലെ ഗതാഗതക്കുരുക്ക് വളരെ ദുഷ്ക്കരമായി മാറുകയാണ്. റോഡുകളിൽ വാഹനങ്ങൾ പാർക്കിംഗ് നടത്തുന്നതും ഗതാഗതക്കുരുക്ക് വർദ്ധിപ്പിക്കുകയാണ്. കൊച്ചിയിലുള്ള സൗകര്യങ്ങൾ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിച്ചും ഓട്ടോമാറ്റഡ് എൻഫോഴ്സ്മെന്റ് ക്യാമറകൾ സ്ഥാപിച്ചും ട്രാഫിക് പോലീസ് ഹോംഗാർഡ് എന്നിവയെ നിയോഗിച്ചും ഗതാഗതം കഴിയുന്നത്ര സുഗമമാക്കാൻ നടപടി എടുക്കു

ന്നതാണ്. അത് അങ്ങ് നേരത്തെ സൂചിപ്പിച്ചതുപോലെ ആഭ്യന്തര വകുപ്പിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങളെക്കുറിച്ചാണ് പറഞ്ഞത്. ദീർഘകാലാടിസ്ഥാനത്തിൽ അടിയന്തിരമായി പ്രധാനപ്പെട്ട ജങ്ഷനുകളായ കളമശ്ശേരി, ഇടപ്പള്ളി, പാലാരിവട്ടം, വൈറ്റില, കുണ്ടന്നൂർ, കച്ചേരിപ്പടി എന്നിവടങ്ങളിൽ ഓവർ ബ്രിഡ്ജുകളും അണ്ടർപ്പാസ്സുകളും ഉണ്ടാക്കുകയും കാൽനട യാത്രക്കാർക്കായി സബ്‌വേകൾ ഉണ്ടാക്കുകയും ചെയ്താൽ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ കഴിയുന്നതാണ്. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി മൾട്ടി ലെവൽ പാർക്കിംഗ് സംവിധാനം ഉണ്ടാക്കേണ്ടതാണ്. നഗരത്തിന്റെ പടിഞ്ഞാറും കിഴക്കും വശങ്ങൾ ബന്ധപ്പെടുത്തുന്നതിന് കൂടുതൽ റെയിൽവേ മേൽപ്പാലങ്ങൾ ഉണ്ടാകേണ്ടതാണ്. പതിറ്റാണ്ടുകൾക്ക് മുമ്പുള്ള ട്രാഫിക് സംവിധാനങ്ങൾ മാത്രമാണ് കൊച്ചിയിൽ ഇപ്പോഴുള്ളത്. അവയുടെ സംഖ്യ വർദ്ധിപ്പിക്കേണ്ടതും കൂടുതൽ ക്യാമറകളും മറ്റ് സാങ്കേതിക സംവിധാനങ്ങളും ഉണ്ടാക്കേണ്ടതുമുണ്ട്. കൊച്ചി മെട്രോ റെയിൽവേ പദ്ധതി യാഥാർത്ഥ്യമാകുന്നതോടുകൂടി കുറേയധികം യാത്രക്കാർക്ക് ആ സംവിധാനം ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ, മെട്രോ പദ്ധതി നടപ്പാക്കുമ്പോൾ നഗരത്തിനുള്ളിലെ വാഹനഗതാഗതത്തിനുള്ള റോഡുകളുടെ വിസ്തൃതി കുറയുകയില്ലെന്ന് ഉറപ്പാക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ വിധത്തിലുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിയാലേ കൊച്ചി നഗരത്തിലെ വാഹനക്കുരുക്കിന് പരിഹാരം ഉണ്ടാകൂ. ഇപ്പോഴത്തെ സൗകര്യങ്ങൾ പരമാവധി ഉപയോഗിക്കുന്നതിന് സാധ്യമാംവിധം പോലീസ് സംവിധാനം മെച്ചപ്പെടുത്താവുന്നതാണ്. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പുതിയ സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനുവേണ്ടി ഒരു യോഗം ചേർന്നിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

അങ്ങേയ്ക്കും ഇതിനെക്കുറിച്ചെന്തെങ്കിലും പറയാനുണ്ടാകും. ഞാനതിന കത്ത് കണ്ടിട്ടുള്ള ചില പ്രത്യേകതകൾ പുതിയ ഫ്ളൈഓവറുകൾ അതു പോലെ ആധുനിക സംവിധാനങ്ങൾ മെച്ചപ്പെടുന്നതിനുള്ള നടപടികൾ എന്നി വയെക്കുറിച്ചുംമറ്റും ആ യോഗത്തിൽ ചർച്ച ചെയ്തിട്ടുണ്ടാകുമെന്നാണ് എന്റെ വിശ്വാസം. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പു മന്ത്രി അതിനെ ക്കുറിച്ച് സംസാരിക്കും. ഏതായാലും കേരളത്തിന്റെ അഭിമാനനഗരമായ കൊച്ചിപട്ടണത്തിലെ ട്രാഫിക് കുരുക്ക് ഒഴിവാക്കുന്നതിന് വേണ്ടിയുള്ള നടപ ടികൾ സ്വീകരിച്ചേ മതിയാകൂ.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട ശ്രീ. ബെന്നി ബെഹനാൻ ഉന്നയിച്ചതും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറഞ്ഞതുമായ കാര്യങ്ങളിലേയ്ക്ക് പൊതു മരാമത്ത് വകുപ്പിന്റെ ഭാഗത്ത് നിന്നുള്ള ചില നടപടികൾ സ്വീകരിച്ചത് ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചത നുസരിച്ച് ഇതുസംബന്ധിച്ച് ചില കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഒന്നാമത് ആ ഭാഗത്തുള്ള ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാക്കാൻ ഏത് കൺസെ പ്റ്റാണ് നമുക്ക് സ്വീകാര്യം എന്നറിയുന്നതിനുവേണ്ടി, രണ്ടു മാസത്തിനു ള്ളിൽ കൺസെപ്റ്റിനെ സംബന്ധിച്ച് ഒരു റിപ്പോർട്ട് നൽകാനായി Aegis India Limited-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചതനുസരിച്ച് ഇതുസംബന്ധിച്ച് സമഗ്രമായ ഒരു റിപ്പോർട്ട് ക്യാബിന റ്റിൽ വരുന്നതിനുവേണ്ടി ചീഫ് സെക്രട്ടറിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി യുടെ നോട്ടോടു കൂടിയുള്ള ഒരു നിർദ്ദേശവും കൊടുത്തിട്ടുണ്ട്. രണ്ടു മാസ ത്തിനുള്ളിൽ ഏത് രീതിയാണ് നമ്മൾ സ്വീകരിക്കുന്നത് എന്ന് തീരുമാനിക്കു

കയും അതിന്റെ നടപടികളിലേയ്ക്കായി സാമ്പത്തിക കാര്യങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ക്യാബിനറ്റിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പ് വളരെ ശുഷ്കാന്തിയോടു കൂടി പ്രവർത്തിക്കുന്നുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ആഭ്യന്തര വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഇവിടെ പറഞ്ഞു. അതിനെക്കുറിച്ചൊന്നും പറയുന്നില്ല. ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമുള്ള കാര്യമാണ്. അവിടെ ഒരു ഷോപ്പിംഗ് മാൾ പുതുതായി വന്നതാണ് ഇടപ്പള്ളി ജംഗ്ഷനിൽ മണിക്കൂറുകളുടെ ബ്ലോക്ക് വന്നിരിക്കുന്നത്. അവിടെ ഇനി സ്മാർട്ട് സിറ്റി ഏതാനും മാസങ്ങൾക്കുള്ളിൽ വരാൻ പോകുകയാണ്. പല ഡെവലപ്മെന്റ്സും വരികയാണ്. എറണാകുളത്തെ സംബന്ധിച്ചിടത്തോളം ഗതാഗതക്കുരുക്ക് അഴിക്കുന്നതിനുവേണ്ടി സാധാരണനിലയിലുള്ളതല്ല, അതിനപ്പുറത്തേയ്ക്കുള്ള ചില നടപടികൾ, അതാണ് പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ ചെയ്യുന്നതിന് ഉദ്ദേശിക്കുന്നത്. അതിന്റെ സാമ്പത്തിക, സാങ്കേതിക, പ്രായോഗിക വശങ്ങൾ പഠിച്ച് ഒരു തീരുമാനം എത്രയും വേഗമുണ്ടാക്കുന്നതാണ്.

## (5) കെട്ടിടനിർമ്മാണ സാധനങ്ങൾ കടത്തിവിടൽ

ശ്രീ. ആർ. സെൽവരാജ്: സർ, അന്യസംസ്ഥാനത്ത് നിന്നും വരുന്ന കെട്ടിടനിർമ്മാണ സാധനങ്ങൾ നെയ്യാറ്റിൻകര പോലീസ് സബ് ഡിവിഷൻ വഴി കടത്തിവിടുന്നതിന് അനുവദിക്കുന്നില്ല എന്നുള്ളതാണ് എന്റെ സബ്മിഷൻ. നമ്മുടെ നിർമ്മാണമേഖലയ്ക്കാവശ്യമായ മണൽ ഇപ്പോൾ ലഭ്യമല്ല. ഈ വർഷാന്ത്യത്തിൽ പൊതുമരാമത്ത് പണികൾ തന്നെ ചെയ്തു

തീർക്കുന്നതിന് ആവശ്യമായ സാധനസാമഗ്രികൾ കേരളത്തിലും അതുപോലെ നെയ്യാറ്റിൻകര പ്രദേശങ്ങളിലും ലഭ്യമല്ലാത്ത സാഹചര്യത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും എം-സാൻഡും പാറപ്പൊടിയും നിയമാനുസരണം കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നുണ്ട്. അത്തരത്തിൽ നിയമാനുസരണം കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന എം-സാൻഡും പാറപ്പൊടിയും സിമെന്റും നെയ്യാറ്റിൻകര പോലീസ് സബ്ഡിവിഷൻ ഓഫീസർ കടത്തിവിടുന്നില്ല. ചില പ്രത്യേക ഏജൻസികൾ മുഖാന്തിരം വരുന്ന വാഹനങ്ങൾ മാത്രമാണ് കടത്തിവിടുന്നത്. ഈ അടുത്ത കാലത്തായി മുപ്പതിലധികം വാഹനങ്ങൾ ഇത്തരത്തിൽ എം-സാൻഡും സിമെന്റും കൊണ്ടുവന്ന വാഹനങ്ങൾ ഒരുമിച്ച് പിടിച്ച് നാഷണൽ ഹൈവേയിൽ ഇടുകയും അങ്ങനെ ഗതാഗത തടസ്സം സൃഷ്ടിച്ച് പ്രശ്നമുണ്ടാക്കിയ സാഹചര്യത്തിൽ ഈ വിവരം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയെയും ഡി.ജി.പി. യെയും ഞാൻ നേരിട്ട് ഫോണിൽ അറിയിക്കുകയുണ്ടായി. ഇതുമാത്രമല്ല, ഇത് ജനപ്രതിനിധികളുടെ നിർദ്ദേശാനുസരണമാണ് ചെയ്തുകൊണ്ടിരിക്കുന്നത് അല്ലാതെ ഞങ്ങളുടെ ഇഷ്ടം കൊണ്ടല്ല എന്ന് ബോധപൂർവ്വമായി വാഹന ഉടമകളേയും പൊതുജനങ്ങളേയും അറിയിക്കുന്ന ഒരു പ്രവർത്തനവും നെയ്യാറ്റിൻകര സബ് ഡിവിഷനിൽ നടന്നുവരുന്നുണ്ട്. ഇത്തരത്തിൽ സാധനസാമഗ്രികൾ കടത്തിവിടാതിരിക്കുക, സിമെന്റും പാറപ്പൊടിയും മണലും കടത്തിവിടാതിരിക്കുക, നിയമാനുസരണം തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന ഇത്തരം സാധനങ്ങൾ കടത്തിവിടാതെ, പോലീസ് മന:പൂർവ്വം നെയ്യാറ്റിൻകര സബ്ഡിവിഷനിൽ മാത്രം സൃഷ്ടിക്കുന്ന ഈ നടപടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഇതിൽ

ഗവൺമെന്റ് അടിയന്തിരമായി ഇടപെടണമെന്നാണ് എനിക്ക് അങ്ങയോട് പറയാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, 2012-ൽ നെയ്യാറ്റിൻകര സബ്ഡിവിഷനിൽ മണൽ കടത്തുന്നതോടനുബന്ധിച്ച് ശ്രീ. ആർ. സെൽവരാജ് പറഞ്ഞ കേസല്ല, പക്ഷേ അതുമായി ബന്ധപ്പെട്ട ഒരു കാര്യം കൂടി പറയാം. 513 കേസുകൾ രജിസ്റ്റർ ചെയ്യുകയും 221 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. 2013 ജനുവരി മാസം മുതൽ ഇന്നുവരെ 49 കേസുകൾ രജിസ്റ്റർ ചെയ്യുകയും 28 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു. ഇതിന് സമാനമായി 2012 ജനുവരി മുതൽ മാർച്ച് വരെ 193 കേസുകളിലായി 69 വാഹനങ്ങളാണ് പിടിച്ചെടുത്തിട്ടുള്ളത്. നെയ്യാറ്റിൻകര സബ്ഡിവിഷനിലെ നെയ്യാറ്റിൻകര ഇരുകരകളിലും മറ്റുമുള്ള 33 അനധികൃത മണൽകടവുകളിൽ കൂടിയുള്ള മണൽ ഖനനം പൂർണ്ണമായും നിർത്തലാക്കുന്നതിന് നെയ്യാറ്റിൻകര പോലീസിന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനിടയ്ക്ക് അദ്ദേഹം പറഞ്ഞ തെറ്റിദ്ധാരണയുണ്ടാകാൻ സാദ്ധ്യതയുള്ള ഒരു വാക്ക്, അവിടെ താലൂക്ക് സഭ കൂടിയിരുന്നു. താലൂക്ക് സഭ കൂടിയപ്പോൾ സ്വാഭാവികമായും നിയമസഭാംഗമെന്ന നിലയിൽ താലൂക്ക് സഭയിൽ ഈ റോഡുകൾ കേടാകുന്നതിനെക്കുറിച്ച് ഒരു പരാതി വന്നു. അതാണ് ഇതിന് പ്രധാനപ്പെട്ട കാരണമെന്ന് എനിക്ക് തോന്നുന്നു. പത്തും ഇരുപതും ടൺ കൊണ്ടുപോകാൻ പറ്റുന്ന ലോറികളിൽ നാല്പതും അമ്പതും ടൺ ഭാരമൊക്കെ കയറ്റിപ്പോകുന്നതുകൊണ്ട് ഈ റോഡുകൾ ചീത്തയാകുന്നു എന്ന ഒരു പരാമർശം ആ താലൂക്ക് സഭയിൽ വന്നു. താലൂക്ക് സഭയിൽ

അങ്ങനെ ഒരു നിർദ്ദേശം വന്നപ്പോൾ അതനുസരിച്ച് പോലീസ് റോഡ് സംരക്ഷണത്തിനുള്ള സ്റ്റെപ്സ് എടുക്കുന്ന നടപടികളുമായി മുന്നോട്ടുപോയി. അതായത് 8 ടൺ സിംഗിൾ ആക്സിൽ ലോഡുള്ള ഒരു വാഹനത്തിൽ 24 ടൺ ഭാരം കയറ്റിയാൽ റോഡിനുണ്ടാകുന്ന നഷ്ടം മൂന്നിരട്ടിയല്ല, 140 ഇരട്ടിയാണ്. അതുകൊണ്ട് തന്നെ കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച റോഡുകൾ നിലനിൽക്കണമെങ്കിൽ അമിതഭാരം കയറ്റിയ വണ്ടികൾ നിയന്ത്രിച്ചേ മതിയാകൂ. എം-സാൻഡ് കയറ്റിവന്നു എന്നതുകൊണ്ടുമാത്രം ഒരു ലോറിയും പിടികൂടുന്നില്ല. അതിന്റെ അളവൊന്ന് തിട്ടപ്പെടുത്തിയാൽ മാത്രം മതി. വേറെ പ്രശ്നമുണ്ടാകുകയില്ല. ഓവർലോഡായി എം-സാൻഡ് കയറ്റിവന്ന 47 വാഹനങ്ങൾ പിടിച്ചിട്ടുണ്ട്. അതിൽ ടോറോവണ്ടികളിൽ 25 ടൺ അനുവദനീയമാണെന്നിരിക്കെ, 50 ടൺ വരെ കയറ്റിയ വണ്ടികളാണ് പിടിച്ചിട്ടുള്ളത്. അങ്ങ് ഇത് ഇവിടെ ഉന്നയിച്ച സ്ഥിതിക്ക്, ഇതിനേക്കാൾ അപ്പുറത്ത് എന്തെങ്കിലും കാര്യമുണ്ടോ എന്നുള്ളതിനെക്കുറിച്ച് പരിശോധിക്കാം. ഏതായാലും എം-സാൻഡ് കയറ്റിയതുകൊണ്ട് ഒരു കാരണവശാലും നടപടിയുമെടുക്കരുത് എന്ന നിർദ്ദേശം കൊടുക്കാം. അതേസമയം നേരത്തെ താലൂക്ക് സഭയിലും അവിടത്തെ ബഹുജനങ്ങൾക്കുമുണ്ടായ പൊതുവികാരം പോലെ അമിതമായ ഓവർലോഡ് വന്ന് റോഡുകൾ ചീത്തയാക്കുന്ന സ്ഥിതി ഒഴിവാക്കുന്നതിനു വേണ്ടി ഒരുമിച്ച് സഹകരിക്കണം. അതാണ് എന്റെ അഭ്യർത്ഥന.

### (6) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

ശ്രീ. എ. കെ. ബാലൻ: സർ, എന്റെ മണ്ഡലത്തിലെ പെരിങ്ങോട്ടുക്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ പരുത്തിപ്പുള്ളി ബമ്മണ്ണൂർ ഗവൺമെന്റ് യു.പി.

സ്കൂൾ 2011 ഫെബ്രുവരിയിൽ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തിരുന്നു. രാഷ്ട്രീയ മാധ്യമ ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) പദ്ധതി പ്രകാരമാണ് ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്തത്. 2011 ജൂണിൽ തന്നെ ഹൈസ്കൂൾ ക്ലാസുകൾ ആരംഭിച്ചു. യു.പി. വിഭാഗത്തിലെ നാല് ക്ലാസ് മുറികൾ ഉപയോഗപ്പെടുത്തിയാണ് ഇപ്പോൾ ഹൈസ്കൂൾ പ്രവർത്തിക്കുന്നത്. സാധാരണക്കാരും എസ്.സി./എസ്.ടി. വിഭാഗക്കാരും മറ്റു ദുർബ്ബലവിഭാഗങ്ങളും തിങ്ങിത്താമസിക്കുന്ന ഒരു പ്രദേശമാണിത്. ഹൈസ്കൂളായി ഉയർത്തി രണ്ടു വർഷം കഴിഞ്ഞപ്പോൾ തന്നെ എട്ട്, ഒമ്പത്, പത്ത് ക്ലാസുകളിൽ മൂന്ന് ഡിവിഷൻ വീതം ആരംഭിക്കുവാനുള്ള കുട്ടികൾ പ്രവേശനം തേടി. ഓരോ വർഷം കഴിയുന്തോറും പ്രവേശനം തേടുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. എന്നാൽ ക്ലാസുകൾ നടത്തുന്നതിനുള്ള ഒരു അടിസ്ഥാന സൗകര്യവും ഈ സ്കൂളിൽ ഇതുവരെയും ഏർപ്പെടുത്തിയിട്ടില്ല. ഇപ്പോഴത്തെ സാഹചര്യമനുസരിച്ച് തന്നെ ഏറ്റവും കുറഞ്ഞത് ഒമ്പത് ക്ലാസ് മുറികളും നാല് ലാബും ഒരു ഓഫീസും അത്യാവശ്യമാണ്. യു.പി. വിഭാഗത്തിന്റെ ക്ലാസ് മുറികളാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. ഇത് പുതിയ പഠനരീതി അനുസരിച്ച് യു.പി. വിഭാഗത്തിന്റെ പഠനത്തിന് ബുദ്ധിമുട്ടുണ്ടാക്കും. ആർ.എം.എസ്.എ. പദ്ധതി പ്രകാരം 10 ക്ലാസ് മുറികളോടു കൂടിയ കെട്ടിടം നിർമ്മിക്കുന്നതിന് 58,12,000 രൂപ രണ്ടുവർഷം മുമ്പ് അനുവദിച്ചതാണെങ്കിലും ഒരു തുടർനടപടിയും പിന്നീടുണ്ടായില്ല. ഈ തുക ഉപയോഗിച്ച് അടിയന്തിരമായി കെട്ടിടം നിർമ്മിക്കാൻ ഉത്തരവ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ തുക ഉപയോഗിച്ച് നിർമ്മിക്കാവുന്ന ഒരു കെട്ടിടം ആദ്യം തുടങ്ങിയാൽ പിന്നീട് എം.എൽ.എ. ഫണ്ടോ എം.പി. ഫണ്ടോ ജില്ലാ പഞ്ചായത്തിന്റെയോ ഫണ്ട് ഉപയോഗിക്കാം. ഈ ഫണ്ട് ഉപയോഗിക്കാനുള്ള അനുവാദം കൊടുത്താൽ മതി.

അതേപോലെ അദ്ധ്യാപകരുടെ നിയമനവും നടന്നിട്ടില്ല. 12 അദ്ധ്യാപകർ വേണ്ടിടത്ത് 6 പേർ മാത്രമേ ഇപ്പോഴുള്ളൂ. ഈ സാഹചര്യത്തിൽ അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുമ്പോഴേയ്ക്കും ആവശ്യമായ ക്ലാസ് മുറികളുടെ നിർമ്മാണവും അദ്ധ്യാപകരുടെ നിയമനവും നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെത്തന്നെയാണ് ചെയ്യാൻ പോകുന്നത്. 2009–2010–ലാണ് ഇതിനുവേണ്ടി പണം മാറ്റിവച്ചത്. രാഷ്ട്രീയ മാധ്യമ ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം 2009–2010 വർഷത്തിൽ അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകളുടെ കൂട്ടത്തിൽ ഉൾപ്പെട്ടതാണ് പാലക്കാട് ജില്ലയിലെ ബമ്മണ്ണൂർ ഗവൺമെന്റ് യു.പി. സ്കൂൾ. 60 സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി 58.12 ലക്ഷം രൂപയെന്ന ക്രമത്തിൽ ഓരോ സ്കൂളിനും കേന്ദ്ര ഗവൺമെന്റ് ഫണ്ട് അംഗീകരിച്ചുതന്നിട്ടുണ്ട്. അതിൽ ഓരോ സ്കൂളിനും 20 ലക്ഷം രൂപ വീതം എസ്.എം.ഡി.സി.യുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. 58.12 ലക്ഷം രൂപ ചെലവഴിച്ച് ക്ലാസ് മുറികൾ, ഓഫീസ്, ലബോറട്ടറി, ലൈബ്രറി മുതലായ ആവശ്യത്തിലേക്ക് പത്ത് മുറികൾ നിർമ്മിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഈ തുക മതിയാകാതെ വരുന്നതിനാൽ 07.02.2013–ൽ വിദ്യാഭ്യാസ സെക്രട്ടറിയുടെ നേതൃത്വത്തിൽ 60 സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ യോഗം ചേരുകയും ഓരോ സ്കൂളിനും ഏറ്റവും അത്യാവശ്യമായ ക്ലാസ് റൂമുകൾക്ക് മുൻഗണന നൽകിയും ഭാവിയിൽ ബഹുനില കെട്ടിടം നിർമ്മിക്കാൻ ഉതകുന്ന ഉറച്ച

അടിത്തറയോടെ ആദ്യഘട്ടമായി ഏഴ് ക്ലാസ്മുറികൾ വീതം നിർമ്മിക്കാൻ തീരുമാനിക്കുകയുമുണ്ടായി. ഇതിനാവശ്യമായ പുതുക്കിയ പ്ലാൻപ്രകാരം സാങ്കേതിക അനുമതി ലഭ്യമാക്കാനായി അതാത് സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരെ യോഗം ചുമതലപ്പെടുത്തിയിട്ടുണ്ട്. ക്ലാസ് മുറികളുടെ നിർമ്മാണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തിലും മേൽനോട്ടത്തിലും നടത്താനാണ് ഉദ്ദേശിക്കുന്നത്. ആർ.എം.എസ്.എ. മാനദണ്ഡം അനുസരിച്ച് രണ്ട് ഭാഷാ അദ്ധ്യാപകരുടെയും നാല് വിഷയാദ്ധ്യാപകരുടെയും തസ്തികകൾ മാത്രമേ അനുവദിച്ചിട്ടുള്ളൂ. എന്നാൽ മറ്റ് തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം യഥാസമയം പരിശോധി ക്കുന്നതാണ്.

## (7) യു.പി. സ്കൂളായി ഉയർത്തൽ

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, വെഞ്ഞാറമൂട് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ 68 സെന്റ് സ്ഥലത്താണ് പ്രവർത്തിക്കുന്നത്. ടൗണിന്റെ ഹൃദയഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. ഈ സ്കൂളിൽ ഏകദേശം മൂവായിരത്തിലധികം കുട്ടികൾ പഠിക്കുന്നുണ്ട്. അദ്ധ്യാപകരും അനദ്ധ്യാപകരുമായി നൂറിലധികം ജീവനക്കാരാണ് ഇവിടെ യുള്ളത്. സ്ഥലപരിമിതിമൂലം വളരെയധികം വീർപ്പുമുട്ടലുകൾ അനുഭവിക്കുന്നതിനാൽ സെക്ഷണൽ സമ്പ്രദായത്തിലാണ് സ്കൂൾ പ്രവർത്തിച്ചുവരുന്നത്. ഈ പ്രശ്നത്തിന് അൽപ്പമെങ്കിലും ആശ്വാസം ലഭിക്കുമെന്ന ഉദ്ദേശ്യത്താൽ ഇവിടെ പ്രവർത്തിച്ചിരുന്ന യു.പി. വിഭാഗം അടുത്തുള്ള എൽ.പി. സ്കൂളിലേക്ക് മാറ്റുകയും സെക്ഷണൽ സമ്പ്രദായം

അവസാനിപ്പിക്കുകയും ചെയ്തു. യു.പി.വിഭാഗം മാറ്റിയെങ്കിലും ഭരണ പരമായ വളരെയധികം ബുദ്ധിമുട്ടുകൾ ഇപ്പോഴും അനുഭവിക്കുകയാണ്. അദ്ധ്യാപകരുടെ ശമ്പളം, സർവ്വീസ് സംബന്ധമായ കാര്യങ്ങൾ, കുട്ടികളെ സംബന്ധിച്ച വിഷയങ്ങൾ ഇതെല്ലാംതന്നെ വെഞ്ഞാറമൂട് എച്ച്.എസ്.എസ്സി ലാണ് ചെയ്തുവരുന്നത്. കൂടാതെ, വെഞ്ഞാറമൂട് ഗവൺമെന്റ് എച്ച്.എസ്. എസ്സിൽ നിന്ന് ഉച്ചഭക്ഷണം തയ്യാറാക്കി വാഹനം വാടകയ്ക്കെടുത്താണ് എൽ.പി. സ്കൂളിൽ എത്തിക്കുന്നത്. പ്രസ്തുത എൽ.പി.എസ്-നെ യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്താൽ ഈ പ്രശ്നങ്ങളെല്ലാം സർക്കാരിന് ഒരു പൈസ പോലും ചെലവ് അധികമാകാതെ പരിഹരിക്കാൻ കഴിയും. ആയതിനാൽ വെഞ്ഞാറമൂട് എൽ.പി.സ്കൂളിനെ യു.പി.സ്കൂളായി അപ്ഗ്രേഡ് ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷ നിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, 03.07.2009-ലെ ജി.ഒ. ആർ.ടി. നം. 2727/09-ൽ പൊതുവിദ്യാഭ്യാസ ഉത്തരവു പ്രകാരം വെഞ്ഞാറമൂട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ നില നിന്നിരുന്ന സെക്ഷണൽ സംവിധാനം 2009-2010- അദ്ധ്യയനവർഷം നിർത്തലാക്കുകയുണ്ടായി. സെക്ഷണൽ സംവിധാനം അവസാനി പ്പിക്കുമ്പോൾ ആവശ്യമായി വന്ന സ്ഥലസൗകര്യം ലഭ്യമാക്കുന്നതിനായി ഈ സ്കൂളിലെ യു.പി. വിഭാഗം സമീപത്തുള്ള വെഞ്ഞാറമൂട് ഗവൺമെന്റ് എൽ. പി. സ്കൂളിലേക്ക് 2012-13 അദ്ധ്യയനവർഷം മുതൽ മാറ്റി പ്രവർത്തിച്ചു വരുന്നു. എന്നാൽ യു.പി.സ്കൂളിന്റെ ഭരണപരമായ പ്രവർത്തനങ്ങൾ നിലവിൽ ഗവൺമെന്റ് ഹൈസ്ക്കൂളിലാണ് നടന്നുവരുന്നത്. ഇത് പല

തരത്തിലുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾക്കും ഇടയാക്കുന്നു. ഈ സാഹചര്യത്തിൽ വെഞ്ഞാറമൂട് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ബൈഫർക്കേറ്റ് ചെയ്ത് യു.പി. വിഭാഗം വെഞ്ഞാറമൂട് എൽ.പി.സ്കൂളിനോടുചേർത്ത് യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നത് ഉചിതമായിരിക്കുമെന്ന് തിരുവനന്തപുരം റവന്യൂ വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. വെഞ്ഞാറമൂട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലും ഗവൺമെന്റ് എൽ.പി. സ്കൂളിലും സ്ഥലപരിമിതികളുണ്ടെങ്കിലും യു.പി. വിഭാഗം ഇപ്പോൾത്തന്നെ എൽ.പി. സ്കൂളിനകത്ത് പ്രവർത്തിക്കുന്നതിനാൽ യു.പി. സ്കൂളായി ഉയർത്തുന്നതിന് പ്രത്യേകം സൗകര്യം ഒരുക്കേണ്ടി വരുന്നില്ലായെന്നതിനാൽ ഇക്കാര്യം പരിശോധിക്കുന്നതാണ്. ഈ വിഷയത്തിന്മേൽ ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ പൊതുവിഭ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

## (8) ഭൂമി തിരിച്ചെടുക്കൽ

ശ്രീ. എം. ചന്ദ്രൻ: സർ, 1968-ൽ ബഹുമാന്യനായ ഇ.എം.എസ്. മുഖ്യമന്ത്രിയും ബഹുമാന്യനായ സി.എച്ച്. മുഹമ്മദ്കോയ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് കാലിക്കറ്റ് സർവ്വകലാശാല രൂപീകൃതമായത്. അന്ന് സർവ്വകലാശാലയ്ക്കുവേണ്ടി മൂന്ന് പഞ്ചായത്തുകളിൽനിന്നുമായി 600 ഏക്കർ സ്ഥലം ഏറ്റെടുക്കുകയുണ്ടായി. എന്നാൽ ഇതിന്റെ രേഖയോ സർവ്വേ റിപ്പോർട്ടോ സ്കെച്ചോ ഒന്നുംതന്നെ ഇപ്പോൾ സർവ്വകലാശാലയുടെ കൈവശമില്ല. 2007-ൽ സിൻഡിക്കേറ്റ് സർവ്വകലാശാലയുടെ സ്ഥലം അളന്ന് തിട്ടപ്പെടുത്താൻ തീരുമാനിച്ചുവെങ്കിലും അത് ഇതുവരെയും നടപ്പിലായിട്ടില്ല. ഇപ്പോൾ സർവ്വകലാശാലയുടെ ഭൂമി അനധികൃതമായി

സ്വന്തക്കാർക്ക് പതിച്ചുനൽകുകയും കയ്യേറി കൈവശപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിന് എല്ലാവിധ ഒത്താശയും ബഹുമാന്യ നായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഇപ്പോഴത്തെ നോമിനേറ്റഡ് സിൻഡിക്കേറ്റും വൈസ് ചാൻസലറും ലീഗ് നേതൃത്വവും ചെയ്തുകൊണ്ടിരി ക്കുകയാണ്. ഭൂമിദാനവുമായി ബന്ധപ്പെട്ട് മൂന്ന് കേസ്സുകളിൽ അന്വേഷണം നടത്താൻ തൃശ്ശൂർ വിജിലൻസ് കോടതി ഉത്തരവിട്ടിരിക്കുകയാണ്. കോഴിക്കോട് ഡിസ്ട്രിക്ട് ഒളിമ്പിക് അസോസിയേഷന് അമ്പത് ഏക്കർ സ്ഥലം പതിച്ചുകൊടുത്തതിനും സി.എച്ച്.മുഹമ്മദ് കോയ ചെയറിന് ഇരുപത് ഏക്കർ സ്ഥലം പതിച്ചുകൊടുത്തതിനും ചാൻസലർ കൂടിയായ ഗവർണ്ണറുടെ പേരിൽ സർവ്വകലാശാലയുടെ എട്ടേക്കർ ഭൂമി ചട്ടങ്ങൾ ലംഘിച്ച് പാട്ടത്തിനു കൊടുത്തതിനുമാണ് അന്വേഷണം നടക്കുന്നത്. ഗവർണ്ണറുടെ പേരിലാണ് പാട്ടക്കരാർ ഉണ്ടാക്കിയത്. അമ്പത് വർഷത്തേക്ക് ഏക്കറിന് ആറായിരം രൂപ നിശ്ചയിച്ചാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്. ഈ സ്ഥലം എൻ.എച്ച്.–ൽ ആണ് സ്ഥിതി ചെയ്യുന്നത്. ഇപ്പോൾ ഇവിടെ ഒരു ആർ–ന് അതായത് രണ്ടര സെന്റിന് സർക്കാർ നിശ്ചയിച്ച ഫെയർ വാല്യൂ 1,20,000 രൂപയാണ്. ഇങ്ങനെ യുള്ള സന്ദർഭത്തിലാണ് ഒരേക്കറിന് ആറായിരം രൂപയ്ക്ക് അമ്പത് കൊല്ലത്തേക്ക് പാട്ടത്തിന് കൊടുത്തത്. ഈ മൂന്ന് കേസ്സുകളിലും അന്വേഷണ വിധേയരായവർ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും പഞ്ചായത്ത് വകുപ്പുമന്ത്രിയും, എം.എൽ.എ.മാരും ലീഗിന്റെ സംസ്ഥാന പ്രസിഡന്റും വൈസ് ചാൻസലറുമാണ്. ഇതിനുപുറമേ മലപ്പുറത്തെ സ്വകാര്യ സ്വാശ്രയ കോളേജിന് അനധികൃതമായി അംഗീകാരം നൽകിയതിനും തോറ്റ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളെ വീണ്ടും പരീക്ഷ നടത്തി വിജയിപ്പിച്ച

തിനും വൈസ് ചാൻസലറുടെ പേരിൽ വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സർവ്വകലാശാലയുടെ സ്ഥലം അടിയന്തരമായി അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കുകയും അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കുകയും വേണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, തദ്ദേശവാസികളിൽനിന്ന് സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമി ഉപയോഗിച്ച് 1968–ലാണ് കോഴിക്കോട് സർവ്വകലാശാല രൂപീകൃതമായത്. സർവ്വകലാശാലയുടെ കൈവശം ഇപ്പോൾ 211.809 ഏക്കർ ഭൂമിയുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന ആവശ്യങ്ങൾക്ക് യൂണിവേഴ്സിറ്റിയിലെ ഭൂമി ഉപയോഗിക്കാനായി സർവ്വകലാശാലയ്ക്ക് അപേക്ഷ ലഭിച്ചിരുന്നു. ഒന്ന്, എൻ.സി.സി. കേരള ബറ്റാലിയന് അടിസ്ഥാന സൗകര്യത്തിനും ക്യാമ്പിംഗ് സൗകര്യത്തിനുമായി യൂണിവേഴ്സിറ്റിയുടെ ആറ് ഏക്കർ സ്ഥലം ആവശ്യമുണ്ടെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 1986–ൽ സർവ്വകലാശാലയെ സമീപിച്ചതിനെത്തുടർന്ന് 11 ഏക്കർ സ്ഥലം പാട്ടത്തിന് നൽകാൻ സർവ്വകലാശാല സമ്മതിക്കുകയും 1990–ൽ പാട്ടക്കരാർ ഒപ്പുവയ്ക്കുകയും ചെയ്തു. എന്നാൽ ഈ ഭൂമി എൻ.സി.സി.ക്ക് നൽകാതെ ടെക്നോപാർക്കിനും എഞ്ചിനീയറിംഗ് കോളേജിനുമായി നൽകുകയാണ് ചെയ്തത്. മറ്റ് ചില സന്ദർഭങ്ങളിലും എൻ.സി.സി.ക്കുവേണ്ടി യൂണിവേഴ്സിറ്റിയിലെ ഭൂമി കണ്ടെത്തിയെങ്കിലും കൈമാറ്റം നടന്നില്ല. സ്ഥാപിച്ച് 53 വർഷത്തിനുശേഷവും മലപ്പുറം എൻ.സി.സി. ബറ്റാലിയന് ക്യാമ്പിംഗ് സൗകര്യമില്ലാത്തതിനാൽ വിദ്യാർത്ഥികൾക്കുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കു

ന്നതിനായി കുറഞ്ഞത് ആറേക്കർ ഭൂമിയെങ്കിലും നൽകണമെന്ന് എൻ.സി.സി. അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ 21.10.2011-ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ എട്ടേക്കർ സ്ഥലം നൽകാനും ഭൂമി കൈമാറ്റ ത്തിനുമുമ്പ് ധാരണപത്രം ഒപ്പുവയ്ക്കാനും തീരുമാനം എടുത്തു. ആറായിരം രൂപ പ്രതിവർഷ പാട്ടത്തിന് അമ്പത് വർഷത്തെ പാട്ടക്കാലാവധിക്കാണ് ഭൂമി എൻ.സി.സി.ക്ക് നൽകിയത്. രണ്ട്, കേരള ലളിതകലാ അക്കാദമിക്ക് ഗ്യാലറിയും മറ്റും പണിയുന്നതിന് രണ്ടേക്കർ സ്ഥലം ആവശ്യപ്പെട്ടെങ്കിലും അനുവദിച്ചില്ല. മൂന്ന്, തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിന് പി.എച്ച്.സി. സബ് സെന്റർ നിർമ്മാണത്തിന് 20 സെന്റ് സ്ഥലം വേണമെന്ന ആവശ്യം സിൻഡി ക്കേറ്റിന്റെ സബ്കമ്മിറ്റിയുടെ തീരുമാനത്തിനായി വിട്ടിരിക്കുകയാണ്. തേഞ്ഞി പ്പലം ഗ്രാമപഞ്ചായത്ത് ബസ് ടെർമിനലിനും വ്യാപാര സമുച്ചയത്തിനുമായി ഭൂമി കണ്ടെത്തിയെങ്കിലും നൽകിയിട്ടില്ല. എം.ആർ.ബി. എഡ്യൂക്കേഷണൽ ട്രസ്റ്റിന് ശാരീരികവും മാനസിക വൈകല്യവുമുള്ള കുട്ടികൾക്കായി ബഡ്സ് സ്കൂൾ തുടങ്ങാൻ രണ്ടേക്കർ ഭൂമി ആവശ്യപ്പെട്ടെങ്കിലും നൽകിയിട്ടില്ല. അഞ്ച്, കാലിക്കറ്റ് യൂണിവേഴ്സിറ്റി എംപ്ലോയീസ് വെൽഫെയർ ക്രെഡിറ്റ് സൊസൈറ്റിക്ക് കെട്ടിടം നിർമ്മിക്കാൻ 20 സെന്റ് സ്ഥലം അനുവദിച്ചു. ഭൂമി യുടെ ഉടമസ്ഥാവകാശം യൂണിവേഴ്സിറ്റിയിൽത്തന്നെ നിലനിർത്തിയിട്ടുണ്ട്. തേഞ്ഞിപ്പലം പോലീസ് സ്റ്റേഷന്റെ ഓഫീസിനും ക്വാർട്ടേഴ്സിനുംകൂടി ഒരേ ക്കർ ഭൂമി അനുവദിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റാഫ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റിക്ക് നിലവിലുള്ള 10 സെന്റ് ഭൂമിക്കുപുറമേ 15 സെന്റ്ഭൂമിക്കുകൂടി അപേക്ഷിച്ചെങ്കിലും സിൻഡിക്കേറ്റ് തീരുമാനം പിന്നത്തേയ്ക്ക് മാറ്റിവച്ചു. എട്ട്, സനാതനധർമ്മ ട്രസ്റ്റ് ചെയറിനുവേണ്ടി 20

സെന്റ് ഭൂമി അനുവദിച്ചു. ഒമ്പത്, തേഞ്ഞിപ്പലം ഫയർ സ്റ്റേഷനുവേണ്ടി സ്ഥലം എം.എൽ.എ. ആവശ്യപ്പെട്ട പ്രകാരം മിനിമം സ്ഥലം നൽകാൻ തീരുമാനമായെങ്കിലും ഭൂമി നൽകിയിട്ടില്ല. പത്ത്, ഗ്രീൻ സ്പോർട്ട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് കേരള ഒളിമ്പിക്സ് അസോസിയേഷനും സി.എച്ച്.മുഹമ്മദ് കോയ ചെയർ സ്ഥാപിക്കുന്നതിന് ഗ്രേസ് എഡ്യൂക്കേഷൻ സൊസൈറ്റിയും ബാഡ്മിന്റൺ കോർട്ട് സ്ഥാപിക്കുന്നതിന് ബാഡ്മിന്റൺ ഡെവലപ്മെന്റ് ട്രസ്റ്റും നൽകിയ അപേക്ഷകൾക്ക് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സിൻഡിക്കേറ്റ് അംഗീകാരം നൽകി. ഒന്ന്, ഈ പദ്ധതികൾ സർക്കാർ അംഗീകാരത്തോടുകൂടി മാത്രമേ നടപ്പാക്കുകയുള്ളൂ. രണ്ട്, നിർമ്മിക്കുന്ന കെട്ടിടം ഉൾപ്പെടെ ഭൂമിയുടെ പൂർണ്ണ ഉടമസ്ഥാവകാശവും കൈവശാവകാശവും സർവ്വകലാശാലയിൽത്തന്നെ നിക്ഷിപ്തമാക്കത്തക്ക വിധത്തിലായിരിക്കും പദ്ധതികളുടെ നിർമ്മാണവും ഉപയോഗവും. മൂന്ന്, വൈസ് ചാൻസലർ ചെയർമാനായ ഗവേണിംഗ് ബോഡിയായിരിക്കും ഈ സ്ഥാപനങ്ങളുടെ ഭരണ/അക്കാദമിക് നിയന്ത്രണം. എന്നാൽ 24-04-2012-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം ഈ മൂന്ന് സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകിയ തീരുമാനം റദ്ദാക്കുകയുണ്ടായി. ഈ ഭൂമി കൈമാറ്റങ്ങളെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തുകയും നിയമവിരുദ്ധമായി ഒന്നും നടന്നിട്ടില്ലായെന്നും സർവ്വകലാശാല ഭൂമി അന്യാധീനപ്പെട്ടിട്ടില്ലായെന്നും കണ്ടെത്തിയിട്ടുള്ളതുമാണ്. കോഴിക്കോട് സർവ്വകലാശാല നിയമത്തിന്റെ ചാപ്റ്റർ 2 സെക്ഷൻ 19 പ്രകാരം സർക്കാർ സർവ്വകലാശാലയ്ക്ക് കൈമാറിയ സ്ഥാവരജംഗമവസ്തുക്കളുടെ നിയന്ത്രണം സർവ്വകലാശാലയിൽ നിക്ഷിപ്തമാണ്. എന്നിരുന്നാലും സർവ്വകലാശാലയ്ക്ക് സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമി കൃത്യ

മായി അളന്നുതിട്ടപ്പെടുത്തി ഭാവിയിൽ അന്യാധീനപ്പെട്ടുപോകാതെ സംരക്ഷിക്കാനുള്ള നടപടി സർവ്വകലാശാല ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുടെ പേര് പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. പുറത്തൊക്കെ ഈ തീരുമാനത്തെക്കുറിച്ച് നടന്നുകൊണ്ടിരിക്കുന്ന ചർച്ച ഭൂമി ദാനം ചെയ്തു എന്നാണ്. പക്ഷേ, യൂണിവേഴ്സിറ്റി എടുത്ത തീരുമാനം ഭൂമി തരില്ലെന്നുമാത്രമല്ല, ഗ്രേസ് എഡ്യൂക്കേഷൻ സൊസൈറ്റിയോട് ഒരു കെട്ടിടം യൂണിവേഴ്സിറ്റിക്ക് ദാനം ചെയ്യാനാണ് പറഞ്ഞത്. അങ്ങനെ യൂണിവേഴ്സിറ്റിക്ക് ഒരു കെട്ടിടം ദാനം ചെയ്യാൻ ഗ്രേസ് എഡ്യൂക്കേഷൻ സൊസൈറ്റിയോട് ആവശ്യപ്പെട്ടതിനെ, യൂണിവേഴ്സിറ്റി ഭൂമി ദാനം ചെയ്തുവെന്ന രീതിയിൽ പ്രചരിപ്പിക്കുന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. ഇ.എം.എസ്. ചെയറിനുകിട്ടിയതുപോലെ ന്യായമായും സി.എച്ച്. മുഹമ്മദ് കോയ ചെയറിനും ഭൂമി കിട്ടണം. ഇതുവരെ ഞങ്ങൾക്ക് അത് അനുവദിച്ച് തന്നിട്ടില്ല. ഇ.എം.എസ്. ചെയറിനും മറ്റെല്ലാ ചെയറിനും കിട്ടിയതുപോലെ സി.എച്ച്. ചെയറിനും ഭൂമി കിട്ടണമെന്നാണ് സിൻഡിക്കേറ്റ് കമ്മിറ്റിയിലെ അംഗം എന്ന നിലയ്ക്ക് ആവശ്യപ്പെട്ടിട്ടുള്ളത്. യൂണിവേഴ്സിറ്റിക്ക് ഈ 650 ഏക്കർ ഭൂമിയും എടുത്തുകൊടുത്ത അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പേര് അങ്ങ് ഇവിടെ സൂചിപ്പിച്ചല്ലോ. ആ വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ പേരിലുള്ള ചെയറിന്, സി.എച്ച്. ചെയറിന് ഭൂമി ലഭിക്കുകയെന്നത് ന്യായമായ ആവശ്യമാണ്. അതിനുവേണ്ടി 10 സെന്റ് ഭൂമി

ചോദിച്ചതിനാണ് ഇത്രയും വലിയ പ്രശ്നങ്ങൾ ഇവിടെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്.

(9) <u>ഉരുൾപൊട്ടൽ മൂലമുണ്ടായ നാശനഷ്ടങ്ങൾ</u>

<u>ശ്രീ. സി. മോയിൻകുട്ടി:</u> സർ, തിരുവമ്പാടി മണ്ഡലത്തിൽ 2012 ആഗസ്റ്റ് 6-നാണ് കേരളം കണ്ട ഏറ്റവും വലിയ ഉരുൾ പൊട്ടലുണ്ടായത്. ആ ദുരന്ത ത്തിൽ 750 ഏക്കർ ഭൂമിയും 8-ഓളം മനുഷ്യ ജീവനും നഷ്ടപ്പെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേന്ദ്രമന്ത്രിമാരും ഉൾപ്പെടെ മിക്കവാറും എല്ലാ മന്ത്രിമാരും വരികയും ഗൗരവതരമായി ഈ വിഷയത്തിൽ ഇടപെടുകയും ഒരുപാട് സഹായങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിന് നന്ദി പറയുകയാണ്. അന്ന് പ്രഖ്യാപിച്ചിട്ടുള്ള പാക്കേജിലെ കാര്യങ്ങൾ ഇന്നും നടന്നിട്ടില്ല. അവിടെ 24-ഓളം കുടുംബങ്ങളുടെ ഭൂമി പരിപൂർണ്ണമായും നഷ്ടപ്പെട്ടിരിക്കുകയാണ്. അവർക്ക് 6 മാസത്തിനകം സ്വന്തം സ്ഥലവും വീടും നൽകാമെന്ന് ഗവൺമെന്റ് ഉറപ്പുനൽകിയതാണ്. ഒരു സ്വകാര്യവ്യക്തിയുടെ ഭൂമി താത്കാലികമായി എടുത്ത് അവിടെയാണ് 24 ഷെൽട്ടറുകൾ അവർക്ക് ഉണ്ടാക്കിക്കൊടുത്തത്. അത് ഒഴിഞ്ഞുകൊടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. പുതിയ ഭൂമി ഏറ്റെടുക്കാനോ വാങ്ങാനോ ഉള്ള പ്രാഥമിക നടപടി പോലുമായിട്ടില്ല. അതോടൊപ്പം പൂർണ്ണമായും നഷ്ടപ്പെട്ടിട്ടുള്ള റോഡുകളുമുണ്ട്. അത് പൂർണ്ണമായും ഗതാഗതയോഗ്യമാക്കുമെന്നാണ് പറഞ്ഞത്. ഈ റോഡുകളുണ്ടായിരുന്ന സ്ഥലം പുഴയായി മാറിയിരിക്കുകയാണ്. ഇങ്ങനെയുള്ള റോഡുകൾ പൂർണ്ണമായും ഗവൺമെന്റ് ഏറ്റെടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും

റവന്യൂമന്ത്രിയും പാക്കേജിലൂടെ പ്രഖ്യാപിച്ചതാണ്. പക്ഷേ 90 ശതമാനം റോഡുകളും നഷ്ടപ്പെട്ട പഞ്ചായത്തിന് ഒരു രൂപപോലും കൊടുത്തിട്ടില്ല. മാത്രമല്ല കോഴഞ്ചേരി പഞ്ചായത്തിനുമാത്രമാണ് സംഖ്യ കൊടുത്തിട്ടുള്ളത്, 10 ശതമാനം നഷ്ടം സംഭവിച്ച ഒരേയൊരു പഞ്ചായത്ത് ഇതാണ്. വളരെ അടിയന്തരമായി റോഡുകൾക്ക് ഗവൺമെന്റ് പ്രഖ്യാപിച്ച പാക്കേജ് നടപ്പാക്കണം. അതോടൊപ്പം ഈ 24 കുടുംബങ്ങളുടെ സ്ഥലം വിലയ്ക്കെടുക്കാനുള്ള നടപടിക്രമത്തിന്റെ പ്രാരംഭം പോലുമായിട്ടില്ല. വാടകയ്ക്ക് സർക്കാർ എടുത്തിട്ടുള്ള സ്വകാര്യ വ്യക്തിയുടെ ഭൂമി വിട്ടുകൊടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഈ പാക്കേജ് നടത്തേണ്ടത് ഗവൺമെന്റിന്റെ ധാർമ്മികമായ ബാദ്ധ്യതയാണ്. മുക്തകണ്ഠമായ വമ്പിച്ച പ്രശംസ ഏറ്റുവാങ്ങിയിട്ടുള്ള ഈ ഇടപെടൽ ഇന്ന് പരിപൂർണ്ണമായും തകർച്ചയിലേക്ക് നീങ്ങിയിരിക്കുകയാണ്. വളരെ അടിയന്തരമായി ബഹുമാനപ്പെട്ട മന്ത്രി ശക്തവും വ്യക്തവുമായ തീരുമാനം ഇവിടെ പറയണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കോഴിക്കോട് ജില്ലയിലെ തിരുവമ്പാടിയിൽ 06–08–2012–ലുണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് നാശനഷ്ടങ്ങളും ജീവഹാനിയും സംഭവിക്കുകയുണ്ടായി. മരണപ്പെട്ട കുടുംബങ്ങൾക്ക് 3 ലക്ഷം രൂപ വീതം വിതരണം ചെയ്തു. ദുരിതാശ്വാസ ക്യാമ്പിൽ താമസിപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് 5000 രൂപ വീതം താത്കാലിക ധനസഹായം നൽകി. പൂർണ്ണമായും വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് 1 ലക്ഷം രൂപ വീതവും ഭാഗികമായി വീട് നഷ്ടപ്പെട്ടവർക്ക് അർഹമായ ധനസഹായവും

അനുവദിച്ചിട്ടുണ്ട്. റിലീഫ് ക്യാമ്പിൽ മാറ്റി പാർപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് ഒരു മാസത്തെ സൗജന്യ റേഷൻ അനുവദിക്കുകയും വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ട 24 കുടുംബങ്ങൾക്ക് അർഹമായ ധനസഹായവും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കുടുംബങ്ങൾക്ക് താമസിക്കാൻ സമയബന്ധിതമായി താത്കാലിക ഷെൽട്ടർ പൂർത്തിയാക്കുകയും ചെയ്തു. സർക്കാർ ഉത്തരവ് നമ്പർ (ആർ.ടി.)890/2003/ഡി.എം.ഡി. തീയതി 19.02.2013 പ്രകാരം തിരുവമ്പാടി പഞ്ചായത്തിലെ തിരുവമ്പാടി-എടത്തറ-പുല്ലാരുംപാറ റോഡിന് 64 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉരുൾപൊട്ടൽമൂലം ഭൂമി നഷ്ടപ്പെട്ടവർക്ക് 5 സെന്റ് മുതൽ പരമാവധി ഒരേക്കർ വരെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജില്ലാ കളക്ടർ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതനുസരിച്ച് ജില്ലാ കളക്ടറെ പ്രത്യേകമായി വിളിച്ച് ഇക്കാര്യത്തിൽ കുറെക്കൂടി സമയബന്ധിതമായി നടപടികൾ പൂർത്തീകരിക്കുന്നതിനുവേണ്ട നിർദ്ദേശം നൽകുന്നതാണ്. അതുകൂടാതെ ബഹുമാനപ്പെട്ട എം.എൽ.എ. ശുപാർശ ചെയ്തിട്ടുള്ള തിരുവമ്പാടി പഞ്ചായത്തിലെ 6 റോഡുകൾക്കുള്ള ഭരണാനുമതിയും ഉടൻതന്നെ നൽകുന്നതാണ്.

(10) കുഞ്ഞലിക്കടവ് പാലത്തിന്റെ നിർമ്മാണം

ശ്രീ. സി. മമ്മൂട്ടി: സർ, കുഞ്ഞലിക്കടവ് പാലം നിർമ്മിക്കണമെന്നതാണ് എന്റെ ആവശ്യം. ഏതാണ്ട് 6 നൂറ്റാണ്ട് മുമ്പുതന്നെ വെട്ടത്തൂർ നാടിന്റെ രാജാവ് ആഴ്വാഞ്ചേരിയിലേക്ക് പോകാൻ ഉപയോഗിച്ച വളരെ പ്രധാനപ്പെട്ട ഒരു കടവാണ് കുഞ്ഞലിക്കടവ്. ആ പ്രദേശത്തിന്റെ വികസനക്കുതിപ്പിന്

നിമിത്തമാകുന്ന ഈ പാലം അവിടത്തെ ജനങ്ങളുടെ ഒരുപാട് വർഷമായ ആവശ്യമാണ്. ഇതിനാവശ്യമായ ഡി.പി.ആർ.-ഉം മറ്റെല്ലാ കാര്യങ്ങളും സർക്കാരിന് നൽകിയിട്ടുണ്ട്. ഈ പദ്ധതിക്ക് ഇതുവരെ എ.എസ്. കൊടുത്തിട്ടില്ല. എത്രയുംവേഗം എ.എസ്. കൊടുക്കണമെന്നും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഭരണാനുമതി കൊടുത്ത തിരുനാവായ-തവനൂർ പാലത്തിന്റെ പണി തുടങ്ങുന്നതിനാവശ്യമായ നടപടി എടുക്കണമെന്നും ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, തിരൂർ നിയോജകമണ്ഡലത്തിലുള്ള തിരൂർ, പുറത്തൂർ, വെട്ടം, തലക്കാട് എന്നീ പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് കുഞ്ഞലിക്കടവ്പാലം നിർമ്മിക്കാൻ നബാർഡിൽ ഉൾപ്പെടുത്തി അതിന് ഇൻപ്രിൻസിപ്പിൾ സാങ്ഷൻ നൽകിയിട്ടുണ്ട്. 14 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട്, നിരത്തുകളും പാലങ്ങളും ചീഫ് എഞ്ചിനീയർ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രദേശത്ത് പാലം പണിയേണ്ടതിന്റെ ആവശ്യകത സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. മുൻഗണനാക്രമത്തിൽ ഈ പാലത്തിനെ അടുത്ത ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി അനുമതി നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തിരുനാവായ-തവനൂർ പാലത്തിന് 29.9 കോടി രൂപയുടെ എ.എസ്. ആണ് കൊടുത്തിരുന്നത്. ഇപ്പോൾ അതിന്റെ എസ്റ്റിമേറ്റ് 48.9 കോടി രൂപയായി ഉയർന്നിരിക്കുകയാണ്. സ്ഥലം ഏറ്റെടുക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. സമയബന്ധിതമായി പണി ആരംഭിക്കും.

## (11) പദ്ധതി നിർവ്വഹണത്തിനുള്ള സമയപരിധി

ശ്രീ. സണ്ണി ജോസഫ്: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ, പ്രത്യേകിച്ച് പഞ്ചായത്തുകളുടെ പദ്ധതികൾ പൂർത്തീകരിക്കുന്നത് സാമ്പത്തിക വർഷാവസാനമായ മാർച്ച് 31–നാണ്. മാർച്ച് 31-ന് പദ്ധതികൾ തിരക്കുപിടിച്ച് പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യങ്ങൾ പല പഞ്ചായത്തുകളിലും നിലനിൽക്കുന്നുണ്ട്. കാരണം 12-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷത്തിൽ പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ രൂപപ്പെടുത്തുന്നതിനും അംഗീകരിക്കുന്നതിനും താമസമുണ്ടായിട്ടുണ്ട്. അതുപോലെ സബ്സിഡി മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിലും പ്രോജക്ട് രൂപീകരണത്തിനുള്ള കോഡ് നിശ്ചയിക്കുന്നതിലും താമസമുണ്ടായിട്ടുണ്ട്. ഇതെല്ലാം നിശ്ചയിക്കപ്പെട്ടതിനുശേഷം പഞ്ചായത്തുകളിൽ ഗ്രാമസഭ ചേർന്ന്, വികസന സമിതി ചേർന്ന്, പഞ്ചായത്ത് ബോർഡ് ചേർന്ന് പദ്ധതികൾ അംഗീകരിച്ച് അതിന് ഡി.പി.സി.യുടെ അംഗീകാരം വാങ്ങി, ടെക്നിക്കൽ സാങ്ഷനും വാങ്ങി ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് പല വർക്കുകളും ടെണ്ടർ ചെയ്യാൻ സാധിച്ചിട്ടുള്ളത്. ടെണ്ടർ ചെയ്ത വർക്കുകൾ ടെണ്ടർ ആക്സപ്റ്റ് ചെയ്ത് അത് എക്സിക്യൂട്ട് ചെയ്യാനുള്ള വലിയ നെട്ടോട്ടത്തിലാണ്. മാർച്ച് 31–നകം എക്സിക്യൂഷൻ നടപടികൾ പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. 80 ശതമാനമെങ്കിലും പൂർത്തീകരിക്കാത്ത വർക്കുകൾക്കുള്ള ബാക്കി സംഖ്യ പഞ്ചായത്തുകൾക്ക് നഷ്ടപ്പെടും. 80 ശതമാനം വർക്ക് പൂർത്തീകരിക്കുന്ന

പഞ്ചായത്തുകളുടെ അവശേഷിക്കുന്ന സംഖ്യ അടുത്ത സാമ്പത്തിക വർഷത്തേക്ക് ക്യാരിഓവർ ചെയ്യുന്ന സിസ്റ്റമുണ്ട്. എന്നാൽ, സാങ്കേതികമായിട്ടുള്ള പല നൂലാമാലകളും കടമ്പകളും കടക്കണമെന്നുള്ളതുകൊണ്ട് പഞ്ചായത്തുകളുടേതല്ലാത്ത പല കാരണങ്ങളാൽ 80 ശതമാനം വർക്ക് പൂർത്തീകരിക്കാൻ സാധിക്കാത്ത ഒരു സാഹചര്യമുണ്ട്. അതിനാൽ ഈ സംഖ്യ നഷ്ടപ്പെടാത്ത രൂപത്തിൽ, 80 ശതമാനമെന്നുള്ളത് 50 ശതമാനമാക്കി കുറച്ചുകൊണ്ടോ അല്ലെങ്കിൽ 2 മാസമെങ്കിലും കാലാവധി ദീർഘിപ്പിച്ചുനൽകിക്കൊണ്ടോ പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ ഫലപ്രദമായി സഹായിക്കാനുള്ള ഒരു പൊതുതീരുമാനം സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, 12-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഐ.റ്റി.എം. സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് പദ്ധതികൾക്ക് അംഗീകാരം നൽകിക്കൊണ്ടിരിക്കുന്നത്. 21–02–2013 വരെയുള്ള പദ്ധതി നിർവ്വഹണം പഞ്ചായത്തുകളിൽ ഇപ്പോൾത്തന്നെ 50 ശതമാനവും ബ്ലോക്ക് തലത്തിൽ 62 ശതമാനവുമായിട്ടുണ്ട്. നഗരസഭകളും കോർപ്പറേഷനുകളും പദ്ധതി നിർവ്വഹണത്തിനുള്ള സമയപരിധി ദീർഘിപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടില്ല. സാധാരണയായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ടുവിനിയോഗം വർഷാവസാനമാണ് സംഭവിക്കുക. കഴിഞ്ഞവർഷം ഇതേ സമയത്ത് 50 ശതമാനമാണ് ചെലവഴിച്ചിട്ടുള്ളത് ബാക്കി വരുന്നത് 10 ദിവസങ്ങളിലായിട്ടാണ് നടക്കാറുള്ളത്. അതുകൊണ്ട് ഹോളിഡേസൊക്കെ

കൂട്ടിയാലും നമുക്ക് കഴിഞ്ഞ തവണത്തേതോ അതിൽ കൂടുതലോ ആകുമെന്നുള്ളതാണ് പ്രതീക്ഷ. എങ്കിലും ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അഭ്യർത്ഥന പരിഗണിച്ച് മെയ് 31 വരെ ദീർഘിപ്പിച്ച് കൊടുക്കുക എന്നുള്ളത് 2-ാം വാർഷിക പദ്ധതിയുടെ സമയബന്ധിതമായ രൂപീകരണ പ്രവർത്തനത്തിന് വിഘാതമാകും. കൂടാതെ പദ്ധതി പ്രവർത്തനങ്ങൾ സാമ്പത്തിക വർഷംതന്നെ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ നമുക്ക് മാർച്ച് 30-ന് പഞ്ചായത്തുകളുടെ ഫണ്ടുവിനിയോഗം വിലയിരുത്തിയശേഷം ആവശ്യമെങ്കിൽ അടുത്ത വർഷത്തേക്ക് - ആ പെർസന്റേജ് നമുക്ക് അപ്പോൾ ഫിക്സ് ചെയ്യാം- ക്യാരിഓവർ ചെയ്യാവുന്ന തുക വ്യത്യാസപ്പെടുത്തി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ)